Apostolic Visit 1982 - Part IV
*published online by*
*www.SyrianChurch.org*

# വി. പത്രോസിന്റെ സിംഹാസനവും മലങ്കര സുറിയാനി സഭയും

പ്രൊഫ. ഏബ്രഹാം പാമ്പാടി

പരിശുദ്ധ പാത്രിയർക്കീസ് സഖാ പ്രഥമൻ തിരുമേനി തന്റെ ആത്മിക മക്കളെ സന്ദർശിക്കുവാൻ വന്നുചേരുന്നുവെന്ന വാർത്ത മലങ്കരയാക്കോബായ സുറിയാനി സഭാംഗങ്ങളെ ഹർഷപുളകിതരാക്കിത്തീർത്തതിൽ അത്ഭുതത്തിനു വകയില്ല. മാർ തോമ്മാശ്ലീഹാ നമ്മുടെ നാട്ടിൽ ക്രിസ്തുമതം പ്രചരിപ്പിച്ചുവെന്നാണ് നാം വിശ്വസിക്കുന്നത്. എന്നാൽ ആദികാലം മുതലേ നാം അന്ത്യോക്ക്യാ സിംഹാസനവുമായി പൗരോഹിത്യ ബന്ധത്തിൽ കഴിഞ്ഞിരുന്നു എന്നതാണു ചരിത്രസത്യം. വി. തോമാ ശ്ലീഹായും വി. പത്രോസും യേശുക്രിസ്തുവിന്റെ അരുമ ശിഷ്യൻമാരായിരുന്നതിനാൽ അവരുടെ പ്രവർത്തനങ്ങൾ പരസ്പര ഭിന്നങ്ങളല്ലെന്ന് ഓർമ്മിച്ചേ മതിയാകൂ.

## വി. അന്ത്യോക്ക്യാ സിംഹാസനം

ശ്ലീഹൻമാരിൽ തലവനായ വി. പത്രോസ് അന്ത്യോക്ക്യായിൽ സിംഹാസനം സ്ഥാപിച്ചു. ലോകമെങ്ങുമുള്ള ക്രൈസ്തവ സഭകൾ വി. പത്രോസിന്റെ കൂട്ടായ്മയിലും വിധേയത്വത്തിലും കഴിഞ്ഞു. വി. തോമ്മായാൽ സ്ഥാപിതമായ മലങ്കര സഭയും ഇതിൽനിന്നു വ്യത്യസ്തമായിരുന്നില്ല.

എന്തുകൊണ്ടോ യേശുക്രിസ്തു തിരുവവതാരം ചെയ്തതു ശീമ രാജ്യത്താണ്. പ്രശസ്ത ഗ്രന്ഥകാരനായ കാർഡിനൽ ഗിബൺസ് ഇങ്ങനെ പറയുന്നു: ''വി. പത്രോസ് അദ്ദേഹത്തിന്റെ സുവിശേഷ പ്രചാരണസപര്യ യറുശലേമിൽ ആരംഭിക്കുന്നു. അദ്ദേഹത്തിന്റെ പ്രസംഗംകേട്ടു മൂവായിരം പേർ ക്രിസ്ത്യാനികളായി. അവരിൽ ചിലർ നമ്മുടെ രക്ഷകന്റെ കഷ്ടാനുഭവങ്ങൾ നേരിട്ടു കണ്ടവരും ഒരുപക്ഷേ അദ്ദേഹത്തിന്റെ മരണത്തിൽ പങ്കാളികളും ആയിരുന്നിരിക്കണം. അനന്തരം അന്ത്യോക്ക്യയിൽ അദ്ദേഹം സിംഹാസനം സ്ഥാപിക്കയും റോമിൽ വച്ചു രക്തസാക്ഷിമരണം പ്രാപിക്കയും ചെയ്തു.'' (The Miraculous spread of the faith. Page. 6.) ദിവ്യരക്ഷകന്റെ അത്ഭുതളുടെയും കഷ്ടാനുഭവങ്ങളുടെയും ദൃക്സാക്ഷികളായ ശീമക്കാരും അവരുടെ സന്താനപരമ്പരകളും ധാരാളമായി വിശ്വാസദാർഢ്യമുള്ളവരും രക്തസാക്ഷികളും വിശുദ്ധരുമായിത്തീർന്നിട്ടുണ്ടെങ്കിൽ അത്ഭുതത്തിനവകാശമില്ല. യേശു തിരുവവതാരം ചെയ്തത് ഇൻഡ്യയിലായിരുന്നവെങ്കിൽ ശീമക്കാരായ തീർത്ഥാടകർ നമ്മുടെ രാജ്യത്തേക്കു പ്രവഹിക്കുമായിരുന്നുവെന്ന

തിന് എന്താണു സംശയം?! എന്തോ മറിച്ചായിരുന്നു ദൈവവിധി!

## പാത്രിയർക്കീസ് വേണം

"മലങ്കരസഭയുടെ അനായാസമായ ഭരണനിർവ്വഹണത്തിന് വി. പത്രോസിന്റെ പിൻഗാമിയായ അന്ത്യോക്യാ പാത്രിയർക്കീസിന്റെ പ്രാതിനിധ്യം വഹിക്കുന്ന ഒരു കാതോലിക്കാ ആവശ്യമാണ്; അദ്ദേഹത്തെ വാഴിക്കേണ്ടത് പ. അന്ത്യോക്യാ പാത്രിയർക്കീസുമാണ്. വിമത വിഭാഗീയർ പോലും സമ്മതിക്കുന്ന ഒരു വസ്തുതയാണിത്. സഭാ ചരിത്ര രചയിതാവായ റവ. തോമസ് പി. മുണ്ടുകുഴി ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: ''സിംഹാസനം പുനഃസ്ഥാപിക്കാൻ മലങ്കരയിൽനിന്നു പാത്രിയർക്കാ സിംഹാസനത്തിലേക്ക് ഒരു അപേക്ഷ സമർപ്പിച്ചു. 1892—ൽ പ. പത്രോസ് പാത്രിയർക്കീസ് ബാവാ ഒരു കാതോലിക്കായെ വാഴിച്ചു തരുന്നതിൽ ഉത്സാഹിക്കാമെന്നു മാത്രം അറിയിച്ചു. 1909—ൽ അബ്ദുള്ളാ പാത്രിയർക്കീസ് ബാവാ മലങ്കര സന്ദർശിച്ചപ്പോഠം കാതോലിക്കാ സിംഹാസനം മലങ്കരയിൽ സ്ഥാപിക്കുന്നതിനെ സംബന്ധിച്ച ആലോചനകഠം നടത്തിയെങ്കിലും സാധിതപ്രായമായില്ല. മലങ്കരയുടെ ദീർഘനാളത്തെ ആഗ്രഹം സഫലീകൃതമായത് അന്ത്യോക്യാ പാത്രിയർക്കീസായ അബ്ദൽ മിശീഹാ ബാവാ 1912—ൽ മലങ്കരയിൽ എഴുന്നള്ളിയപ്പോഠം മാത്രമായിരുന്നു.'' (കാതോലിക്കാ സിംഹാസന സഭാ ചരിത്ര സംഗ്രഹം p. 52,53.) കാതോലിക്കാസ്ഥാപനത്തിനായുള്ള അദമ്യമായ ആഗ്രഹവും അദ്ദേഹത്തെ വാഴിക്കുവാൻ പാത്രിയർക്കീസിനുമാത്രമുള്ള അധികാരവുമാണ് ഇവിടെ വ്യക്തമാക്കപ്പെട്ടിരിക്കുന്നതെന്ന് കാണാം.

കാതോലിക്കാവാഴ്ചയെപ്പററി അംഗീകൃത കാനോനിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: ''പൗരസ്ത്യദേശത്തെ വലിയ മെത്രാപ്പോലീത്താ ഇനിമേൽ കാതോലിക്കാ എന്നു വിളിക്കപ്പെടണം. അദ്ദേഹത്തിനു പാത്രിയർക്കീസിനെപ്പോലെ മെത്രാപ്പോലീത്താമാരെ വാഴിക്കാനുള്ള അധികാരം നൽകപ്പെട്ടിരിക്കുന്നു. പാശ്ചാത്യ സുന്നഹദോസിൽ അദ്ദേഹം സന്നിഹിതനാകുമ്പോഠം എല്ലാ മെത്രാപ്പോലീത്താമാരുടേയും മേലായി ഊർശ്ലേം പ്രാത്രിയർക്കീസിന്റെ കൂടെ അദ്ദേഹത്തിന് ഇരിപ്പിടം നൽകണം. അദ്ദേഹം അന്ത്യോക്യാ പാത്രിയർക്കീസിനെ അനുസരിക്കണം. തന്റെ മേലധികാരിയെ ധിക്കരിക്കരുത്. അന്ത്യോക്യായുടെ അധികാരത്തിലുള്ള ഇൻഡ്യാക്കാർക്ക് തങ്ങഠംക്കായി ഒരു പാത്രിയർക്കീസിനെ വാഴിക്കാനുള്ള അധികാരം നൽകപ്പെട്ടിട്ടില്ല. പാത്രിയർക്കീസിനെ വാഴിക്കുന്നതു മററു പാത്രിയർക്കീസൻമാരല്ല. പിന്നെയോ കർത്താവേശുമിശിഹാ തന്റെ ദാസനായ യോഹന്നാനിൽനിന്നും മാമോദീസാ സ്വീകരിച്ചതുപോലെ പാത്രിയർക്കീസിന്റെ കീഴിലുള്ള കാതോലിക്കായും മെത്രാപ്പോലീത്തൻമാരും ജനങ്ങളും കൂടിയാകുന്നു. കാതോലിക്കാ പാത്രിയർക്കീസിനാൽ വാഴിക്കപ്പെടുന്നു. കാതോലിക്കായെ വാഴിക്കുന്നതിനുള്ള സകലതും പാത്രിയർക്കീസ് നിർവ്വഹിക്കണം. എന്തെന്നാൽ കാതോലിക്കാ അദ്ദേഹത്തിന്റെ അധികാരത്തിൻ കീഴിലാകുന്നു.'' (ഹൂദായകാനോൻ—ബാർ എബ്രായാ.) കാതോലിക്കാ വാഴ്ചയോടെ പാത്രിയർക്കീസിന്റെ അധികാരമെല്ലാം ഇല്ലാതാകുന്നുവെന്നു നാം ഗ്രഹിക്കാതിരിക്കുക.

## മലങ്കരസഭ സ്വതന്ത്രമോ?

വി. വേദപുസ്തകവും സുറിയാനി സഭയുടെ ആരാധനാക്രമങ്ങളും വി. പത്രോസിന്റെ അധികാരത്തെ ഊന്നിപ്പറയുന്നുണ്ട്. മലങ്കരസഭ ദേശീയവും അതിനാൽ സർവ്വതന്ത്രസ്വതന്ത്രവുമാണെന്ന വാദം സഭാതലത്തിൽ ഒരിക്കലും

സ്വീകാര്യമല്ല. വിദേശീയരായതിനാൽ യേശുക്രിസ്തുവിനെയും മാർത്തോമ്മാ ശ്ലീഹായെയും ഉപേക്ഷിച്ചു പറയുവാൻ നമുക്കു കഴിയുമോ? മനുഷ്യരക്ഷയ്ക്കായി യേശുക്രിസ്തു ഒരു സഭയെ അല്ലാതെ ലോകത്തിൽ ഒന്നിലധികം സഭകളെ സ്ഥാപിച്ചിട്ടില്ല. വി. പത്രോസ് അന്ത്യോക്യയിലും വി. പൗലൂസ് കോരിന്ത്യയിലും എഫേസൂസിലും വി. തോമ്മാശ്ലീഹാ ഇൻഡ്യയിലും ക്രിസ്തുവിന്റെ ഏകസഭയെ പ്രചരിപ്പിക്കുകമാത്രമാണു ചെയ്തത്. വി. പത്രോസ് ശ്ലീഹൻമാരുടെ തലവനായിരുന്നതിനാൽ ക്രിസ്തുശിഷ്യൻമാർ സ്ഥാപിച്ച സഭകളെല്ലാം വി. പത്രോസ് സ്ഥാപിച്ച സിംഹാസനത്തിന്റെ ഐക്യത്തിലും വിധേയത്വത്തിലുമാണ് ഇരുന്നിട്ടുള്ളത്. വി. പത്രോസിന്റെ സിംഹാസനത്തിനു വിധേയമായിരിക്കുന്നത് അടിമത്തമായി നമ്മുടെ പിതാക്കൻമാർ കരുതിയിരുന്നില്ലെന്നു മാത്രമല്ല ആ ബന്ധത്തിൽ അഭിമാനം കൊള്ളുകയും ചെയ്തിരുന്നു. ''ഞങ്ങളും ഞങ്ങളുടെ സന്തതികളും ഉള്ളിടത്തോളംകാലം അന്ത്യോക്യയെ മറക്കില്ല'' എന്ന പ്രശസ്ത സത്യപ്രതിജ്ഞ ഇവിടെ അനുസ്മരണീയമാകുന്നു. സഭാംഗങ്ങളായ ദൈവമക്കൾ വർഗ്ഗദേശാദിഭേദങ്ങൾക്ക് അതീതരും ക്രിസ്തുവാകുന്ന ഏക ശരീരത്തിന്റെ അംഗങ്ങളുമത്രെ. സഭാസൂര്യനായ വട്ടശ്ശേരിൽ തിരുമേനിയും ''സഭയുടെ പട്ടത്വത്തിനടുത്ത മേലധികാരം അന്ത്യോക്യാ പാത്രിയർക്കീസിനാകുന്നു'' വെന്ന് 'മതോപദേശസാരങ്ങൾ' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നു. അബ്ദൽ മിശിഹാ ബാവായുടെ കാതോലിക്കാവാഴ്ച സംബന്ധിച്ച സുപ്രധാന കല്പനയിൽ ''അന്ത്യോക്യയുടെ ശ്ലീഹായ്ക്കടുത്ത സംബന്ധത്തിൽ നിന്നു നിങ്ങൾ വേർപിരിയരുത്'' എന്ന് എടുത്തു പറഞ്ഞിട്ടുണ്ട് (സുറിയാനിസഭാചരിത്രം P. 154, By റവ: കെ. ഡേവിഡ്) ''ഇന്നും ഈ ആയുഷ്കാലത്തിലും നമ്മുടെ അദ്ധ്യക്ഷൻമാരായിരുന്നു നാലുഭാഗങ്ങളിലുമുള്ള ദൈവത്തിന്റെ സഭകളെ മേയിച്ചു ഭരിക്കുന്ന നമ്മുടെ പാത്രിയർക്കീസൻമാരായ പിതാക്കൻമാരെ'' തുബദേനിൽ നാം പ്രത്യേകം ഓർമ്മിച്ചു പ്രാർത്ഥിക്കുന്നു. ഈ വിചിന്തനം അല്പം ദീർഘിച്ചുപോയി. പ. സഖാ പ്രഥമൻ തിരുമേനിയുടെ സന്ദർശനം നമുക്ക് അനുഗ്രഹകരമായിത്തീരട്ടെ.

*With best compliments from:*

M. C. Trading Company

**M. L. Road, Kottayam.**

കോട്ടയം സെൻറ് ജോസഫ്സ് കത്തീഡ്രലിൽ വി. കുർബാന മദ്ധ്യേ
കോർ എപ്പിസ്കോപ്പാ സ്ഥാനം നൽകിയ വൈദീകരോടൊപ്പം ↓





കല്ലുങ്കത്ര സെൻറ് ജോർജ് പള്ളിയിലേക്ക്
പ. ബാവായെയും കൊണ്ടുള്ള
ജലഘോഷയാത്രയുടെ ഒരു ദൃശ്യം

ഇടത്തുനിന്ന്: ശ്രേഷ്ഠ കാതോലിക്കാ ബാവാ,
വെരി റവ. വേങ്കടത്ത് കുര്യാക്കോസ് കോർ എപ്പിസ്കോപ്പാ,
പ. പാത്രിയർക്കീസ് ബാവാ, വെരി റവ. കല്ലുങ്കത്ര
തോമസ് കോർ എപ്പിസ്കോപ്പാ, ഭദ്രാസന മെത്രാപ്പോലീത്താ
ഗീവറുഗീസ് മോർ ഗ്രീഗോറിയോസ് തിരുമേനി.




ജനലക്ഷങ്ങൾ ദൃശ്യസഭയുടെ തലവനെ ഒരു നോക്കു കണ്ട് അനുഗ്രഹം പ്രാപിക്കുവാൻ

''സിറിയൻ ഓർത്തഡോക്സ് സഭയിൽ കോട്ടയം ഭദ്രാസനത്തിന്
മഹത്തായ ഒരു സ്ഥാനമാണുള്ളത്''



കോട്ടയം ഭദ്രാസന സ്വീകരണ സമ്മേളനത്തിൽ പ. പാത്രിയർക്കീസ് ബാവാ പ്രസംഗിക്കുന്നു

ആവേശം ആർത്തിരമ്പുന്നു



സഭാമക്കൾ കുരുത്തോലകളും പാത്രിയർക്കാ പതാകകളുമേന്തി കോട്ടയത്തെ സ്വീകരണത്തിൽ



ക്നാനായ ഭദ്രാസനത്തിന്റെ
ഏബ്രഹാം മോർ ക്ലീമീസ് മെത്രാപ്പോലീ
ത്തായെ ''കൂബർ നീത്തി ഹാക്കീമോ''
സ്ഥാനചിഹ്നം പ. പാത്രിയർക്കീസ്
ബാവായും ശ്രേഷ്ഠ കാതോലിക്കാ
ബാവായും ചേർന്ന് അണിയിക്കുന്നു.
അമേരിക്കയുടെ ആർച്ച് ബിഷപ്പ്
യേശു മോർ അത്താനാസ്യോസ്
മെത്രാപ്പോലീത്തായാണ് സമീപം



കോട്ടയം നഗരസഭ
നൽകിയ സ്വീകരണ
ത്തിൽ മറുപടി
പ്രസംഗം നടത്തുന്നു
മുനിസിപ്പൽ
ചെയർമാൻ
ശ്രീ. എം. എം. മാണി
യെയും കാണാം





കോട്ടയം നോർത്ത്
റോട്ടറി ക്ലബ്
നൽകിയ
സ്വീകരണത്തിൽ
മറുപടി പ്രസംഗം
നടത്തുന്നു



പ്രോഗ്രാമിൽ ഇല്ലാതിരുന്ന സ്വീകരണം—കോട്ടയം ബി. സി. എം., ബസേലിയോസ് ↑
കോളേജുകളുടെ ആഭിമുഖ്യത്തിൽ ബി. സി. എം. കവാടത്തിൽ ആയിരക്കണക്കിന്
വിദ്യാർത്ഥികൾ ആവേശത്തോടെ സ്വീകരിച്ചു. തന്റെ മറുപടി പ്രസംഗത്തിന് മുൻപ്
കോളേജുകളുടെ പേരുകളും മററു വിവരങ്ങളുമെല്ലാം ബി. സി. എം. കോളേജ് പ്രിൻസിപ്പൽ
റവ. സിസ്ററർ സാവ്യയോട് ചോദിച്ചുമനസ്സിലാക്കുന്നു

↓ എറണാകുളം ഗവൺമെൻറ് ഹൗസിൽവച്ചു നടത്തിയ പത്രസമ്മേളനത്തിന്റെ ഒരു ദൃശ്യം



# പൗരോഹിത്യം
# രാജത്വത്തേക്കാൾ വലുതാണ്

## മോറാൻ മോർ ഇഗ്നാത്യോസ് സാഖാ
## പ്രഥമൻ ബാവാ

കോതമംഗലം ചെറിയ പള്ളിയിൽ മാർച്ച് 6—ന് നടന്ന മെത്രാൻ വാഴ്ചാ വേളയിൽ പരിശുദ്ധ പാത്രിയർക്കീസ് ബാവാ നടത്തിയ പ്രസംഗം.

''ദൈവത്താൽ വിളിക്കപ്പെടുന്നവനല്ലാതെ ഒരുവനും ഈ സ്ഥാനം സ്വയമായി എടുക്കാൻ കഴിയുന്നതല്ല.'' പുരോഹിതൻമാർ തന്റെ ജനങ്ങളെ സേവിക്കുവാൻവേണ്ടി ദൈവത്താൽ വിളിക്കപ്പെട്ടവരാകുന്നു. പഴയനിയമകാലത്ത്, മോശെക്കു മുമ്പുള്ള കാലങ്ങളിൽ, കുടുംബത്തലവൻ കുടുംബത്തിന്റെ പുരോഹിതൻകൂടി ആയിരുന്നു. കുടുംബത്തിന്റെ തലവനായിരുന്നു തനിക്കുവേണ്ടിയും കുടുംബത്തിനുവേണ്ടിയും ബലി അർപ്പിച്ചിരുന്നത്. മോശെയുടെ കാലമായപ്പോഴേക്കും തിരഞ്ഞെടുക്കപ്പെട്ട ഒരു വൈദിക സമൂഹം നിലവിൽ വന്നു. മോശെയും അഹരോനും ലേവി ഗോത്രവും വൈദിക സ്ഥാനത്തേക്ക് വിളിക്കപ്പെട്ടു. ലേവി ഗോത്രത്തെ തിരഞ്ഞെടുത്തത് ഒരു അദ്ഭുതംവഴി ആയിരുന്നുവെന്നു സംഖ്യാ പുസ്തകത്തിൽ പ്രസ്താവിച്ചിരിക്കുന്നു. പുരോഹിതൻമാർ വിശുദ്ധിയുള്ളവരും പരിശുദ്ധജീവിതമുള്ളവരുമായിരിക്കേണ്ടിയിരുന്നു. പുരോഹിതൻമാർ അഭിഷേകം ചെയ്യപ്പെടേണ്ടിയിരുന്നവരായിരുന്നു. അവരുടെ ദൈവവിളിക്കു മൂന്നു മുഖങ്ങളാണുണ്ടായിരുന്നത്. അവർ ബലികഴിക്കുവാനും ധൂപം അർപ്പിക്കുവാനും വിശുദ്ധ അപ്പം നല്കുവാനും ആയി വിളിക്കപ്പെട്ടിരുന്നു. സുറിയാനി പാരമ്പര്യം അനുസരിച്ചു ദൈവം ആദാമിന്റെ തലയിൽ കൈവച്ചു. സുറിയാനി തർജ്ജമയിൽ 138-ാം സങ്കീർത്തനം അഞ്ചാം വാക്യത്തിൽ ഇപ്രകാരം കാണുന്നു: ''നീ എന്നെ സൃഷ്ടിക്കുകയും നിന്റെ കൈ എന്റെ തലമേൽ വയ്ക്കുകയും ചെയ്തു.'' അതുകൊണ്ട് ആദാം ആദ്യത്തെ മനുഷ്യനായി എന്നതുപോലെതന്നെ ആദ്യത്തെ പുരോഹിതനുമായിരുന്നുവെന്നു പറയാവുന്നതാണ്. ക്രിസ്തു രണ്ടാമത്തെ ആദാമായിരുന്നു. അവൻ തന്നെത്താൻ കുരിശിൽ ബലികഴിച്ച മഹാപുരോഹിതനായിരുന്നു. മൽക്കിസദേക്കിന്റേതുപോലെ മഹാപൗരോഹിത്യം എന്നന്നേക്കുമുള്ളതാകുന്നു. കർത്താവാകട്ടെ തന്റെ

ഉയിർത്തെഴുന്നേല്പിനുശേഷം സ്വർഗത്തിലേക്കു കരേറി നമുക്കുവേണ്ടി മദ്ധ്യസ്ഥത ചെയ്തുകൊണ്ടിരിക്കുന്നു. എന്നാൽ സ്വർഗത്തിലേക്കു കരേറിപ്പോകുന്നതിനുമുമ്പായി താൻ പന്തിരുവരെ തിരഞ്ഞെടുക്കുകയും അവർക്കു കൈവെപ്പ് നല്കി പൗരോഹിത്യം അവർക്കു നല്കുകയും ചെയ്തു. താൻ സ്വർഗത്തിലേക്കു കരേറിപ്പോകുന്നതിനു മുൻപായി അവരെ മെത്രാൻമാരായി വാഴിച്ചു. എപ്പിസ്ക്കോപ്പസി അഥവാ മെത്രാൻസ്ഥാനം പൗരോഹിത്യത്തിൻെറ പൂർണ്ണത ആകുന്നു. ഈ ഉന്നതമായ പദവിയിലേക്കു വിളിക്കപ്പെടുന്ന ഒരാൾക്കു വിശുദ്ധീകരിക്കുന്നതിനും ഉപദേശിക്കുന്നതിനും ഭരിക്കുന്നതിനും ഉള്ള അധികാരം നല്കപ്പെടുന്നു. ഈ അധികാരം ദൈവത്താൽ നല്കപ്പെടുന്നതാകുന്നു, അഹരോൻെറ കാലത്തേതുപോലെതന്നെ. അഹരോനെപ്പോലെ ദൈവത്താൽ വിളിക്കപ്പെടുന്നവനല്ലാതെ മററാർക്കും ഈ സ്ഥാനം സ്വയമായി എടുക്കാൻ കഴിയുന്നതല്ല. കർത്താവ് തൻെറ ശിഷ്യൻമാർക്ക്, ദൈവത്തിൻെറ മക്കളെ സത്യത്തിൻെറ വഴിയിൽക്കൂടെ നടത്തുവാനുള്ള അധികാരം കൊടുത്തു. കെട്ടുവാനും അഴിക്കുവാനും ഉള്ള അധികാരം അതിനോടു ചേർന്നിട്ടുള്ളതാകുന്നു.

വിശ്വാസികൾ അവരെ അനുസരിക്കേണ്ടതാകുന്നു. എന്തുകൊണ്ടെന്നാൽ യഥാവിധി വാഴിക്കപ്പെട്ട ഒരു മെത്രാപ്പോലീത്തായെ അനുസരിക്കുന്നത് ദൈവത്തെ അനുസരിക്കുന്നതിനു തുല്യമാകുന്നു. നമ്മുടെ കർത്താവ് പറഞ്ഞതായി ലൂക്കോസിൻെറ സുവിശേഷം 10—ാം അദ്ധ്യായം 16—ാം വാക്യത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: 'നിങ്ങളെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു. നിങ്ങളെ തള്ളിക്കളയുന്നവൻ എന്നെ തള്ളിക്കളയുന്നു. എന്നെ തള്ളിക്കളയുന്നവനോ എന്നെ അയച്ചവനെ ആകുന്നു തള്ളിക്കളയുന്നത്.' വാത്സല്യ മക്കളേ! ശിഷ്യൻമാർ ഈ അവകാശത്തെക്കുറിച്ചും അധികാരത്തെക്കുറിച്ചും ദൈവത്തിൽനിന്നും അവർക്കു ലഭിച്ച ഈ മഹാ നല്വരത്തെക്കുറിച്ചും ബോധവാൻമാരായിരുന്നു. അവർ സഭയുടെയും അതിൻെറ ഭരണത്തിൻെറയും പ്രയോജനത്തിനുവേണ്ടി ആ അധികാരത്തെ ഉപയോഗിച്ചു. അവർ മെത്രാപ്പോലീത്താമാരെയും വികാരിമാരെയും നിയമിക്കുകയും തലയിൽ കൈവച്ചുകൊണ്ട് കൈവെപ്പുവഴിയായി ദൈവത്തിൽനിന്നു തങ്ങൾ പ്രാപിച്ച നല്വരം അവർക്കു നല്കുകയും ചെയ്തു. ആ അധികാരമാകട്ടെ പരിശുദ്ധാത്മാവിൻെറ അധികാരമാകുന്നു. അങ്ങനെ ദൈവത്തിൽനിന്നു തങ്ങൾ ലഭിച്ച ആളുകളെ ഉപദേശിക്കുവാനായി ചുമതലപ്പെടുത്തി. പട്ടം കൊടുക്കുവാനുള്ള അധികാരം അവർക്കു നല്കി. തിമോത്തിയോസിനെ എഫേസൂസിലും തീത്തോസിനെ ക്രീത്തിലും ഭാഗ്യവാനായ പൗലൂസ് ശ്ലീഹാ നിയമിച്ചാക്കിയ വിവരം നിങ്ങൾ ഓർമ്മിക്കുമല്ലോ. അങ്ങനെയാണ് സഭയിൽ ആദ്ധ്യാത്മിക ഭരണകാര്യങ്ങൾ നിർവഹിക്കുന്നതിനുള്ള പൗരോഹിത്യസമ്പ്രദായം നിലവിൽ വന്നത്. അങ്ങനെ സഭയ്ക്കു രണ്ടു ഘടകങ്ങൾ ഉണ്ടായി: പുരോഹിതൻമാരും വിശ്വാസികളും. സഭയിലെ എല്ലാ അംഗങ്ങളും വി. മൂറോനാൽ പൗരോഹിത്യത്തിനു വിളിക്കപ്പെടുന്നവരാണ്, എങ്കിലും ചിലരെ ഇതിനു പ്രത്യേകമായി തിരഞ്ഞെടുക്കുന്നു. അങ്ങനെ പ്രത്യേകമായി തിരഞ്ഞെടുക്കപ്പെട്ടവർ ലോകത്തിൽ സുവിശേഷം അറിയിപ്പാനും ജനങ്ങളെ ശുദ്ധീകരിപ്പാനും അവരെ ക്രിസ്തുവിങ്കലേക്ക് അടുപ്പിക്കുവാനും നിയമിക്കപ്പെട്ടവർ ആകുന്നു. ഈ സമയത്ത് അന്ത്യോഖ്യായിൽനിന്നു ശൗലിനെയും ബർന്നബാസിനെയും സുവിശേഷവേലയ്ക്കു പറഞ്ഞയച്ചതിനെ നിങ്ങൾ ഓർക്കണം. അതുപോലെതന്നെ പൗരോഹിത്യം രാജ

തപത്തേക്കാഠം വലുതാണ് എന്നു നി ങ്ങഠം ഓർക്കണം. അതുകൊണ്ടാണല്ലോ അബ്രഹാം മൽക്കിസദേക്കിനു ദശാംശം നല്കിയത്.

ഈ പൗരോഹിത്യത്തിനായുള്ള വിളി തികച്ചും ആദ്ധ്യാത്മികമാകുന്നു. അത് വിലതീരാത്ത ഒരു നിധിയാണെ ങ്കിലും സൗജന്യമായി നല്കപ്പെടുന്ന താണ്. വില കൊടുത്ത് അതു വാ ങ്ങിക്കുവാൻ ശ്രമിച്ച ശെമവൂന് എന്തു സംഭവിച്ചുവെന്ന് നിങ്ങഠംക്കറിയാം. വിലകൊടുത്ത് ആദ്ധ്യാത്മിക സ്ഥാ നങ്ങഠം നേടുന്നവർക്കു പരിശുദ്ധാ ത്മാവിനെ പ്രാപിക്കുവാൻ സാധ്യമ ല്ല. യഥാവിധി കൈവെപ്പ് നല്കാൻ അധികാരമുള്ള ആഠം തലയിൽ കൈവെ ക്കുമ്പോഠം മാത്രമേ ദൈവത്തിൻെറ ഹിതപ്രകാരം പരിശുദ്ധാത്മാവ് ഇറങ്ങി ആവസിക്കുകയുള്ളൂ. ദൈവം പഴയകാലത്തേതുപോലെ ഇപ്പോഠം ഒരു പക്ഷേ നേരിട്ടു സംസാരിക്കുകയില്ലാ യിരിക്കാം. എന്നാൽ സഭയിലെ പൗ രോഹിത്യനിരയിലുള്ളവർക്കും വിശ്വാ സികഠംക്കും ദൈവം തൻെറ ഹിതം വെളി വാക്കിക്കൊടുക്കുകയും അവരിൽക്കൂടെ സംസാരിക്കുകയും ചെയ്യുന്നു. ദൈവ ത്താൽ ഈ വേലയ്ക്കായി തിരഞ്ഞെടു ക്കപ്പെടുന്നവർക്കു ജനങ്ങളെ സേവിക്കു ന്നതിനും ആത്മാക്കളെ രക്ഷിക്കുന്ന തിനുമുള്ള ഹൃദയപൂർവ്വമായ അഭിലാ ഷം ഉണ്ടായിരിക്കും. അവരുടെ ദൈവ വിളിയുടെ തെളിവും അതുതന്നെ ആണ്. ഈ വേലയ്ക്കായി വിളിക്ക പ്പെടുന്നവർക്കു ശാരീരികമായും ആ ദ്ധ്യാത്മികമായും സേവനം അനു ഷ്ഠിക്കുന്നതിനുള്ള കഴിവുണ്ടായിരി ക്കണം. അവർ സത്യവിശ്വാസം പാ ലിക്കുന്നവരും നല്ല മനഃസാക്ഷി സൂ ക്ഷിക്കുന്നവരും ആയിരിക്കണം. പൗലൂസ്ശ്ലീഹാ തിമോത്തിയോസിന് എഴുതിയ ലേഖനത്തിൽ വിവരിക്കുന്ന എല്ലാ ഗുണവിശേഷങ്ങളും ഉള്ളവരായി രിക്കണം.

നമ്മുടെ വാത്സല്യ മകനായ സേ വേറിയോസ് അബ്രഹാമേ! നാം ഇന്ന് നിന്നെ മെത്രാനായി പട്ടം കെട്ടിയിരി ക്കുന്നു. നീ ഭൂമിയുടെ ഉപ്പായിരി ക്കണം. ഉപ്പ് ഭക്ഷണത്തെ രുചികര മാക്കുക മാത്രമല്ല അതു കേടുവരാതി രിക്കുന്നതിനു സഹായിക്കുകയും ചെ യ്യുന്നു. പഴയനിയമകാലത്ത് എല്ലാ ബലി അർപ്പണങ്ങഠംക്കും ഉപ്പ് അത്യ ന്താപേക്ഷിതമായിരുന്നു.

വാത്സല്യ മകനേ! നീ ഭൂമിയുടെ ഉപ്പായിരിക്കേണ്ടതിന്, നമ്മുടെ കർ ത്താവിൻെറ വചനങ്ങളാകുന്ന ഉപ്പിനെ ക്കൊണ്ട് നിൻെറ ജീവിതത്തിനു നീ കാരം വരുത്തിക്കൊള്ളണം. തിൻമയെ നൻമയാക്കി മാററുവാനും നൻമയെ തിൻമയായി തീരാതെ സൂക്ഷിക്കുവാ നും ഉള്ള കർത്തവ്യം നിനക്കുണ്ട്. എൻെറ മകനേ! നിനക്കു വലിയ ഉത്ത രവാദിത്വമാണുള്ളത്. ഉപ്പ് കാരമില്ലാ തെപോയാൽ അതിന് ഉപ്പിൻെറ ഗുണം വീണ്ടും നല്കുവാൻ വേറൊരു മാർഗ മില്ല. അതു പിന്നീടു തീരെ പ്രയോ ജനം ഇല്ലാത്തതായിതീരും. ജനം അത് ചവിട്ടിക്കളയുവാൻ ഇടയായിത്തീരും. നമ്മുടെ വാത്സല്യ മകനേ, നീ നിൻെറ കാരം നഷ്ടപ്പെടാതെയും മനുഷ്യൻ നിന്നെ ചവിട്ടിക്കളയാതെയും സൂക്ഷി ച്ചുകൊഠംക. ഏബ്രഹാം മോർ സേവേ റിയോസേ! നീ ലോകത്തിൻെറ വെളി ച്ചമായിരിക്കണം. ആ വെളിച്ചം നിൻെറ സ്വന്ത വെളിച്ചമല്ല. നീ കർത്താവായ യേശുക്രിസ്തുവിൻെറ വെളിച്ചത്തെ പ്രതിഫലിപ്പിക്കുകയത്രേ വേണ്ടത്. ജനങ്ങഠം നിൻെറ വെളിച്ചം കാണട്ടേ! നിൻെറ പെരുമാററം സ്വർഗസ്ഥനായ പിതാവിൻേറതുപോലെതന്നെ പരിശു ദ്ധമായിരിക്കട്ടെ. വീണ്ടും എൻെറ മകനേ! നീ നല്ല ഇടയനായ നമ്മുടെ കർത്താവിനെ അനുകരിക്കുക. ആട്ടിൻ കൂട്ടത്തിലെ ഓരോ ആടിനെയുംകുറി ച്ച് പ്രത്യേകം ശ്രദ്ധിക്കുക. നിൻെറ മെത്രാപ്പോലീത്തായായ തോമസ് മാർ ദീവന്നാസ്യോസിനെ ബഹുമാനിക്ക

ണം. എന്തുകൊണ്ടെന്നാൽ നീ അദ്ദേഹത്തിന്റെ സഹായകനാകുന്നു. അതുപോലെതന്നെ നമ്മുടെ ശ്രേഷ്ഠസഹോദരനായ പൗരസ്ത്യ കാതോലിക്കായെ നീ അനുസരിച്ചുകൊള്ളണം. ഇൻഡ്യയിലെ നമ്മുടെ പ്രാദേശിക സഭയുടെ തലവനാകുന്നു അദ്ദേഹം. നീ ഏത് സഭയുടെ അംഗമാകുന്നുവോ ആ ആകമാന സുറിയാനി ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായ നമ്മോട് വിധേയത്വമുള്ളവനായിരിക്കണം. പ്രാദേശിക സുന്നഹദോസിലും ആകമാന സുന്നഹദോസിലും അംഗങ്ങളായ നിന്റെ സഹോദര മെത്രാപ്പോലീത്താൻമാരോടു നീ സഹകരിച്ചുകൊള്ളണം. അന്ത്യോഖ്യാ സിംഹാസനത്തോടു നീ എന്നും വിശ്വസ്തത പാലിക്കണം. നിന്നെ ഏല്പിച്ചിരിക്കുന്ന ആടുകൾക്കുവേണ്ടി സ്വയം ബലി അർപ്പിക്കുവാൻപോലും നീ തയ്യാറായിരിക്കണം. എന്തുകൊണ്ടെന്നാൽ നീ കേവലം ഒരു ഭൃത്യൻ മാത്രമാകുന്നു. ആടുകളുടെ ഉടയവൻ കർത്താവാകുന്നു. ന്യായവിധി ദിവസത്തിൽ ഓരോ ആടിനെക്കുറിച്ചും നിന്നോടു കർത്താവു കണക്കു ചോദിക്കും. ദൈവം നിന്നെയും നമ്മെയും വിശ്വസ്ത വേലക്കാരായി കാത്തുകൊള്ളുമാറാകട്ടെ. അവൻ നമ്മെ എല്ലാവരെയും നമ്മുടെ താലന്തുകൾ വർധിപ്പിക്കുവാൻ ഇടയാക്കുമാറാകട്ടെ. നമ്മുടെ വാത്സല്യമകനായ ഏബ്രഹാം മോർ സേവേറിയോസേ നിന്റെ മെത്രാൻ സ്ഥാനാഭിഷേകം, ഈ ഭദ്രാസനത്തിനും, അതിന്റെ മെത്രാപ്പോലീത്തായ്ക്കും അതിലെ പുരോഹിതൻമാർക്കും, മലങ്കരസഭയ്ക്കും ആകമാനസഭയ്ക്കും അനുഗ്രഹമായിതീരുമാറാകട്ടെ.

വീണ്ടും നമ്മുടെ വാത്സല്യ ആത്മീയ മക്കളെ! ഇന്ന് നിങ്ങളുടെ മെത്രാപ്പോലീത്തായ്ക്കു സഹായകനായി നാം ഒരു മെത്രാപ്പോലീത്തായെ വാഴിച്ചിരിക്കുന്നു. അദ്ദേഹത്തെ നിങ്ങൾ സഹായിച്ചുകൊള്ളണം. അദ്ദേഹത്തിനുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കുകയും ചെയ്യണം. ദൈവംതമ്പുരാൻ നിങ്ങളെയെല്ലാവരെയും വാഴ്ത്തി അനുഗ്രഹിക്കുമാറാകട്ടെ.

# വി. മൂറോൻ കൂദാശ

## (വെരി റവ. പി. പി. ജോസഫ് കോർ എപ്പിസ്കോപ്പാ, പുളിക്കപ്പറമ്പിൽ)

ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ സ്നാനം കഴിപ്പിച്ചും, ഞാൻ നിങ്ങളോട് കല്പിച്ചത് ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകല ജാതികളേയും ശിഷ്യരാക്കിക്കൊൾവിൻ'' (വിശു. മത്തായി 29:14–20). ഇതായിരുന്നു യേശുക്രിസ്തു തൻെറ ശിഷ്യൻമാർക്ക് സ്വർഗാരോഹണ സമയത്തു നല്കിയ അന്ത്യസന്ദേശം. ഇതിൽനിന്നും സഭയുടെ അംഗമാകണമെങ്കിൽ സ്നാനം അഥവാ മാമോദീസാ സ്വീകരിക്കേണ്ടത് ആവശ്യമാണെന്നത് വ്യക്തമാണ്. പഴയനിയമസഭയിലേക്കുള്ള പ്രവേശനം ചേലാകർമ്മം മൂലമായിരുന്നു. എന്നാൽ ക്രിസ്തുവിൻെറ പുതിയനിയമ സഭയിലേക്കുള്ള പ്രവേശനം മാമോദീസാമൂലം മാത്രം ലഭിക്കുന്നു.

മാമോദീസായിൽ പരിശുദ്ധാത്മാവിനെ പ്രാപിക്കണമെങ്കിൽ ആ കൂദാശ അതിന് അധികാരം ലഭിച്ചിട്ടുള്ളവർ മാത്രം നടത്തണം. അപ്പൊസ്തലപ്രവൃത്തികൾ 8–ാം അദ്ധ്യായം 14 മുതൽ 17 വരെയുള്ള വാക്യങ്ങളിൽ സ്നാനം ഏററ ശമര്യർ പരിശുദ്ധാത്മാവിനെ പ്രാപിച്ചത് പത്രോസും യോഹന്നാനും അവരുടെമേൽ കൈവെച്ചു പ്രാർത്ഥിച്ചപ്പോൾ മാത്രമാണ് എന്ന് പറയുന്നു. ''അവർ അവരുടെമേൽ കൈവച്ചപ്പോൾ അവർക്ക് പരിശുദ്ധാത്മാവ് ലഭിച്ചു.'' അതുപോലെതന്നെ അപ്പൊസ്തല പ്രവൃത്തികൾ 19–ാം അദ്ധ്യായത്തിൽ പൗലൂസ് എഫേസോസിൽ എത്തി സ്നാനം ഏററിരുന്നവർക്കു തൻെറ കൈവച്ചു പരിശുദ്ധാത്മദാനം ചെയ്തതായും കാണുന്നു. ''പൗലൂസ് അവരുടെമേൽ കൈവച്ചപ്പോൾ പരിശുദ്ധാത്മാവ് അവരുടെമേൽ വന്നു.''

പരിശുദ്ധാത്മ പ്രദാനം പരിശുദ്ധ ശ്ലീഹൻമാരുടെ കൈവയ്പ്മൂലമാണ് ആദിസഭയിൽ നല്കിയിരുന്നത്. എന്നാൽ സഭ വികസിച്ചപ്പോൾ അത് അഭിഷേകം അഥവാ ''എണ്ണ പൂശൽ'' വഴിയാണ് നിർവ്വഹിക്കപ്പെട്ടത്. വി. പൗലൂസ് കൊരിന്ത്യർക്ക് എഴുതിയ 2–ാം ലേഖനം 1–ാം അദ്ധ്യായം 21–ാം വാക്യത്തിലും 1 യോഹന്നാൻ 2–ാം അദ്ധ്യായം 20–ഉം, 27–ഉം വാക്യങ്ങളിലും ഈ അഭിഷേകത്തെക്കുറിച്ച് പറയുന്നുണ്ട്. അങ്ങനെ അപ്പൊസ്തലിക കാലത്തുതന്നെ മാമോദീസാ കഴിഞ്ഞാലുടൻ വി. തൈലം അഥവാ മൂറോൻകൊണ്ടുള്ള അഭിഷേകം സഭയിൽ നിലവിൽ വന്നിരുന്നു. പ. സുറിയാനി സഭയിൽ ഈ അപ്പൊസ്തലിക പാരമ്പര്യമനുസരിച്ച് ഇന്നും മാമോദീസായുടെ അന്ത്യത്തിൽ വിശു. മൂറോൻകൊണ്ട് അഭിഷേകം നടത്തി പരിശുദ്ധാത്മദാനം നിർവ്വഹിക്കപ്പെടുന്നു. മാമോദീസാ നടത്തുന്ന പുരോഹിതൻ മൂറോൻ പൂശുന്നതിനുവേണ്ടി

മൂറോൻ എടുത്ത് മാമോദീസാ സ്വീകരിക്കുന്ന ആളിൻെറ നെററിമേൽ മൂന്ന് പ്രാവശ്യം കുരിശു വരച്ചു മുദ്രണം ചെയ്യുമ്പോൾ "സത്യവിശ്വാസത്തിൻെറ മുദ്രയും അടയാളവും വി. റൂഹായുടെ നല്‌വരത്തിൻെറ പൂർണ്ണതയും ആയി മിശിഹായുടെ പരിമള വാസനയാകുന്ന വി. മൂറോൻകൊണ്ട് പിതാവിൻെറയും പുത്രൻെറയും വി. റൂഹായുടെയും നാമത്തിൽ, നിത്യജീവനിലേക്ക് (ഇന്നാർ) മുദ്രകുത്തപ്പെടുന്നു" എന്നാണ് പ്രാർത്ഥിക്കുന്നത്. പരിശുദ്ധാത്മ സ്വീകരണം മൂറോൻ അഭിഷേകംമൂലം ലഭിക്കുന്നതിനാലാണ് തെല്ലയുടെ യൂഹാനോൻ "മൂറോൻ കൂടാതെ മാമോദീസാ ഒരിക്കലും പൂർണ്ണമാകുന്നില്ല" എന്നു പറഞ്ഞിരിക്കുന്നത്. (ഹൂദായ കാനോൻ രണ്ടാം കേപ്പാലേവോൻ—മൂന്നാം പോസൂക്കൊ).

പഴയനിയമകാലത്ത് ആചാര്യൻമാരെയും രാജാക്കൻമാരെയും അഭിഷേകം ചെയ്തിരുന്നു. സമാഗതകൂടാരം, യാഗപീഠം എന്നിവയിൻമേലും അഭിഷേക തൈലം പൂശിയിരുന്നു. "മേത്തരമായ സുഗന്ധവർഗമായി വിശുദ്ധ മന്ദിരത്തിലെ തൂക്കപ്രകാരം അഞ്ഞൂറ് ശേക്കൽ അയഞ്ഞ മൂരും, അതിൽ പാതി ഇരുനൂററമ്പതു ശേക്കൽ സുഗന്ധലവംഗവും, അഞ്ഞൂറു ശേക്കൽ വഴനത്തൊലിയും ഒരു ഹീൻ ഒലിവെണ്ണയും എടുത്ത് തൈലക്കാരൻെറ വിദ്യപ്രകാരം ചേർത്തുണ്ടാക്കിയ വിശുദ്ധമായ അഭിഷേക തൈലമാക്കേണം. അത് വിശുദ്ധമായ അഭിഷേകതൈലമായിരിക്കേണം." എന്നു യഹോവ മോശെയോട് കല്പിച്ചു. (പുറപ്പാട് 30:25). വീണ്ടും 33–ാം വാക്യത്തിൽ ഈ അഭിഷേകതൈലം പഴയനിയമ സിംഹാസനാധിപനായ മൂശ മാത്രം ഉണ്ടാക്കണമെന്നും യഹോവ കല്പിച്ചതായി കാണുന്നു. അത് പഴയ യിസ്രായേലിൻെറ അഭിഷേകതൈലം. പുതിയ ഇസ്രായേലായ ക്രിസ്തുസഭയുടെ അഭിഷേക തൈലമാണ് വി. മൂറോൻ.

വി. മൂറോൻ ആദ്യമായി ശുദ്ധീകരിച്ചതിനെപ്പററി പറയുന്നത്, ശ്ലീഹൻമാർ കർത്താവിൻെറ കബറിങ്കൽനിന്ന്, യോസേഫും നീക്കോദിമോസുംകൂടി കർത്താവിൻെറ ശരീരത്തിൽ പൂശിയ മൂറും അകിലും എടുത്ത്, അവയോടുകൂടി കർത്താവിനെ പൂശുവാൻവേണ്ടി ഒരുക്കിയിരുന്ന സുഗന്ധവർഗ്ഗവും സൈത്തെണ്ണയും ചേർത്ത് വി. മൂറോൻ ശുദ്ധീകരിച്ചു എന്നാണ്. ക്രിസ്തുവിൻെറ ശിഷ്യൻമാർ ലോകമെങ്ങും പോയപ്പോൾ കൊണ്ടുപോയ മൂറോൻ ഇതിൽനിന്നായിരുന്നു എന്നും പറയപ്പെടുന്നു. പ. സുറിയാനിസഭയിൽ മാമോദീസാ കഴിഞ്ഞാലുടൻ വി. മൂറോൻപൂശൽ നടത്തുന്നതിനാൽ ആദിമസഭയിലെന്നപോലെതന്നെ, അപ്പോൾ മുതൽ സ്നാനം ഏററ ആൾ സഭയുടെ പൂർണ്ണ അംഗമാകുകയും വി. കുർബാനാനുഭവത്തിന് അർഹനാകുകയും ചെയ്യുന്നു. ഈ പാരമ്പര്യം തുടരാതിരുന്ന മററു ചില സഭകളിൽ, ആയതിനാൽ, 'സ്നാനം' കഴിയുന്ന ഉടനെ സ്നാനി സഭയുടെ പൂർണ്ണ അംഗം ആകുന്നില്ല, വി. കുർബാനാനുഭവത്തിന് അർഹനുമല്ല. വർഷങ്ങൾക്കുശേഷം, Confirmation (സ്ഥിരീകരണം) ലഭിച്ചുകഴിഞ്ഞാൽ മാത്രമേ വി. കുർബാനാനുഭവത്തിന് അവകാശമുള്ളു.

ഈ വി. മൂറോൻ പ. സഭയുടെ പരമാദ്ധ്യക്ഷൻ കൂദാശ ചെയ്ത് എപ്പിസ്ക്കോപ്പാമാർക്കും, അവർ പുരോഹിതർക്കും നല്കുന്നു. ഒരു പാത്രത്തിൽനിന്നു മറെറാരു പാത്രത്തിലേക്കു വി. മൂറോൻ പകരുവാനോ പരസ്പരം കൊടുക്കുവാനോ പുരോഹിതർക്ക് അധികാരമില്ല. എന്നാൽ ആവശ്യമുള്ളവർ എപ്പിസ്ക്കോപ്പായുടെ പക്കൽനിന്നും വാങ്ങിക്കൊള്ളണം. അതിനു സാധിക്കാതെ വരികയും, ഒരു പള്ളിയിൽ വി. മൂറോൻ ഇല്ലാതെയും വന്നാൽ മററ് ഒരു പള്ളിയിൽനിന്നു പാത്രത്തോടു കൂടി കൊണ്ടുവന്ന് ഉപ

യോഗിക്കണം എന്നാണ് കാനോൻ അനുശാസിക്കുന്നത്.

ഹൂദായ കാനോൻ മൂന്നാം കേപ്പാലേവോനിൽ ''മൂറോൻ കൂദാശ ചെയ്യുവാൻ ആർക്കാണ് അധികാരം'' എന്നതിനെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ട്. ''പാത്രിയർക്കീസിനൊ, കാതോലിക്കായ്ക്കൊ, അഥവാ മപ്രിയാനായ്ക്കൊ മാത്രമേ മൂറോൻ കൂദാശ ചെയ്യുവാൻ അധികാരമുള്ളൂ.'' ഈ വ്യവസ്ഥ അനുസരിച്ചു കിഴക്കിന്റെ കാതോലിക്കോസിനു വി. മൂറോൻ കൂദാശ നടത്തുന്നതിന് അധികാരമുണ്ട്. എന്നാൽ 1981 നവംബർ മാസത്തിൽ ഡമാസ്കസിൽവച്ചു നടന്ന ആകമാന സുന്നഹദോസിൽ ശ്രേഷ്ഠ കാതോലിക്കാ ബസ്സേലിയോസ് പൗലൂസ് ദ്വിതീയൻ തിരുമേനി, ഈ അധികാരം തനിക്ക് ഉണ്ടെങ്കിലും 'അന്ത്യോഖ്യാ പാത്രിയർക്കീസ് കൂദാശ ചെയ്യുന്ന മൂറോനാണ് മലങ്കര സഭയ്ക്കു വേണ്ടിയത്'' എന്നു പ്രസ്താവിച്ച് പ. പാത്രിയർക്കീസ് കൂദാശ ചെയ്യുന്ന മൂറോൻ തന്നെ തുടർന്നും മലങ്കര സഭയിൽ ഉപയോഗിക്കുന്നതിനു നിശ്ചയം ചെയ്തിരിക്കുകയാണ്. തൻമൂലമാണ് പ. പാത്രിയർക്കീസ് ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ തിരുമനസ്സുകൊണ്ട് അദ്ദേഹത്തിന്റെ മലങ്കര സന്ദർശനവേളയിൽ 1982 ഫെബ്രുവരി 27-ാം തീയതി ശനിയാഴ്ച മണർകാട് വി. മർത്തമറിയം പള്ളിയിൽവച്ച് വി. മൂറോൻ കൂദാശ എന്ന പരിപാവന കർമ്മം നിർവ്വഹിച്ചത്.

ഇതിനു മുൻപ് രണ്ടു പ്രാവശ്യം പ. പാത്രിയർക്കീസൻമാർ മലങ്കരയിൽ വച്ച് വി. മൂറോൻ കൂദാശ നടത്തിയിട്ടുണ്ട്. പ. പത്രോസ് മൂന്നാമൻ പാത്രിയർക്കീസ് ബാവായാണ് ആദ്യമായി മലങ്കരയിൽവച്ച് വി. മൂറോൻകൂദാശ നടത്തിയത്. ചരിത്രപ്രസിദ്ധമായ മുളന്തുരുത്തി സുന്നഹദോസിനു ശേഷം 1876 ആഗസ്ററ് 28-ാം തീയതി വി. ദൈവമാതാവിന്റെ വാങ്ങിപ്പിന്റെ പെരുന്നാൾ ദിവസം മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിൽവച്ചാണ് പ. പത്രോസ് മൂന്നാമൻ പാത്രിയർക്കീസ് ബാവാ മൂറോൻ കൂദാശ നടത്തിയത്. ഈ മൂറോൻ കൂദാശയിൽ അന്ന് മലങ്കര മെത്രാപ്പോലീത്തായായിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദിയോന്നോസിയോസ് (അഞ്ചാമൻ) തിരുമേനിയും, പ. പിതാവിനോടുകൂടി മലങ്കരയിലേക്കു വന്നിരുന്ന ഊർശ്ലേമിന്റെ മെത്രാപ്പോലീത്തായായ അബ്ദള്ളാ മാർ ഗ്രീഗോറിയോസ് തിരുമേനിയും (ഇദ്ദേഹം 1906-ൽ പാത്രിയർക്കീസായി) പങ്കെടുത്തു. മൂറോൻ കൂദാശയ്ക്കുവേണ്ടിയ സജ്ജീകരണങ്ങൾ എല്ലാം നടത്തിയത് ചാത്തുരുത്തി ഗീവറുഗീസ് റമ്പാച്ചൻ (പിന്നീടു ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, പരുമല) ആയിരുന്നു.

രണ്ടാമത് വി. മൂറോൻ കൂദാശ നടത്തിയതും മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിൽവച്ചുതന്നെയായിരുന്നു. ആദ്യം മൂറോൻകൂദാശ നടത്തിയ അവസരത്തിൽ പ. പത്രോസ് മൂന്നാമൻ പാത്രിയർക്കീസ് ബാവായോടുകൂടി അതിൽ പങ്കെടുത്ത ഊർശ്ലേമിന്റെ അബ്ദള്ള മാർ ഗ്രീഗോറിയോസ് തിരുമേനി 1906-ൽ പാത്രിയർക്കീസ് ആയി. 1909-ൽ മലങ്കര സന്ദർശനാർത്ഥം എഴുന്നെള്ളി ഇവിടെ താമസിച്ചിരുന്ന വേളയിലാണ് ആ പ. പിതാവ് 1911 ഏപ്രിൽ മാസം 19-ാം തീയതി ശനിയാഴ്ച വി. മൂറോൻ കൂദാശ നടത്തിയത്. ഇതിനു മൂന്നു മാസം മുൻപ് മുടക്കപ്പെട്ട വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദിയോന്നോസ്യോസ് തിരുമേനി ഒഴികെ അന്ന് മലങ്കരയിൽ ഉണ്ടായിരുന്ന എല്ലാ തിരുമേനിമാരും, അതായത് മുറിമററം പൗലൂസ് മാർ ഈവാനിയോസ് തിരുമേനിയും

മുളന്തുരുത്തി കൊച്ചുപറമ്പിൽ പൗലൂസ് മാർ കൂറിലോസ് തിരുമേനിയും അങ്കമാലി പൈനാടത്ത് പൗലൂസ് മാർ അത്താനാസ്യോസ് തിരുമേനിയും, കോട്ടയം ഇടവഴിക്കൽ ഗീവറുഗീസ് മാർ സേവേറിയോസ് തിരുമേനിയും, പാത്രിയർക്കാ ഡെലിഗേററ് സ്ലീബാ മാർ ഒസ്താത്തിയോസ് തിരുമേനിയും അതിൽ സംബന്ധിച്ചിരുന്നു. അന്നു പാത്രിയർക്കീസ് ബാവായോടുകൂടി രണ്ട് റമ്പാൻമാരുണ്ടായിരുന്നതിൽ ഒരാൾ പിന്നീട് പാത്രിയർക്കാ ഡെലിഗേററായിരുന്ന മാർ യൂലിയോസ് തിരുമേനിയും മറെറയാൾ പ. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായോടൊരുമിച്ചു മലങ്കരയിൽ വന്നിരുന്ന മാർ ക്ലീമ്മീസ് തിരുമേനിയും ആയിരുന്നു.

1982–ൽ പ. സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് മലങ്കരവച്ച് വി. മൂറോൻകൂദാശ നടത്തണമെന്ന് ആലോചന വന്നപ്പോൾ അതും മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിൽവച്ച് ആയിരിക്കണമെന്ന് ആഗ്രഹിച്ചു. എന്നാൽ ആ പള്ളി 'പള്ളിവഴക്കു' നിമിത്തം പൂട്ടപ്പെട്ടിരുന്നതിനാലാണ് മണർകാട് വി. ദൈവമാതാവിൻെറ പള്ളിയിൽവച്ച് ആ പരിശുദ്ധ കൂദാശ നടത്തുവാൻ ഇടയായത്. അങ്ങനെ മുളന്തുരുത്തി പള്ളിക്ക് നഷ്ടപ്പെട്ട ഭാഗ്യം മണർകാടു പള്ളിക്കു ലഭ്യമായി.

മണർകാട് വി. മർത്തമറിയം പള്ളിയിൽവച്ചു നടത്തപ്പെട്ട വി. മൂറോൻ കൂദാശയിൽ പ. പാത്രിയർക്കീസ് ബാവാ തിരുമേനിയോടും ശ്രേഷ്ഠകാതോലിക്കാബാവാ തിരുമേനിയോടുംകൂടി പ. പാത്രിയർക്കീസ് ബാവായോടൊരുമിച്ച് മലങ്കര സന്ദർശനത്തിനു വന്നിരുന്ന മെത്രാപ്പോലീത്തൻമാരായ ബർന്നബാസ് മാർ മിലീത്തോസ് (ഹോംസ്), ഈശോ മാർ ജൂലിയോസ് (മിഡിൽ യൂറോപ്പ്), സ്ലീബാ മാർ തെയോഫീലോസ് (ലെബാനോൻ), അപ്രേം മാർതീമോത്തിയോസ് (സ്വീഡൻ) സാമുവേൽ മാർ അത്താനാസിയോസ് (യു. എസ്. എ.) എന്നിവരും മലങ്കര സഭയിലെ മെത്രാപ്പോലീത്തൻമാരായ ഏബ്രഹാം മാർ ക്ലീമ്മീസ്,ഗീവറുഗീസ് മാർ ഗ്രീഗോറിയോസ്, തോമസ് മാർ ദീവന്നാസ്യോസ്, കുര്യാക്കോസ് മാർ കൂറിലോസ്, യാക്കൂബ് മാർ യൂലിയോസ് സാമുവേൽ മാർ പീലക്സീനോസ്, യാക്കൂബ് മാർ തീമോത്തിയോസ് തോമസ് മാർ തേയോഫിലോസ്, ഫീലിപ്പോസ് മാർ ഈവാനിയോസ് എന്നിവരും പങ്കെടുത്തു. മലങ്കരസഭയിലെ എല്ലാ റമ്പാച്ചൻമാരും നിരവധി വൈദികരും ഒരു വലിയ ജനാവലിയും അതിൽ സംബന്ധിച്ചിരുന്നു.

വി. മൂറോൻതൈലം ഉണ്ടാക്കേണ്ടിയ വിധത്തെപ്പററിയും കൂദാശ നടത്തുന്നതിനെപ്പററിയും വിശദമായി കാനോൻ മൂന്നാം കേപ്പാലേവോനിൽ പ്രതിപാദിച്ചിട്ടുണ്ട്. കറുവാത്തൊലി, നർദീൻ, ഗ്രാമ്പൂ, ജാതിക്കാ, കുങ്കുമം, ചുക്ക്, കുരുമുളക് ഇവ നിർദേശിക്കപ്പെട്ടിരിക്കുന്ന അളവിൽ എടുത്ത് ഇടിച്ചു പൊടിച്ച്. ശുദ്ധമായ സൈത്തെണ്ണ (ഒലിവ് എണ്ണ)യിൽ കലർത്തി ഒരു വലിയ സ്പടിക ഭരണിയിൽ ഒഴിക്കുന്നു. വെള്ളം നിറച്ച ഒരു ചെമ്പുപാത്രം അടുപ്പിൽവച്ച്, മുൻപറഞ്ഞ ഭരണിയുടെ കഴുത്തിൽ ഒരു കമ്പി കെട്ടി ചെമ്പുപാത്രത്തിലെ വെള്ളത്തിൽ തൂക്കി ഇടണം. ചെമ്പുപാത്രത്തിൻെറ ചുവട്ടിലോ അരികിലോ ഭരണി തൊടാതിരിക്കണം. പിന്നീട് തീ കത്തിച്ച് ചെമ്പുപാത്രത്തിലെ വെള്ളം തിളപ്പിക്കുന്നു. മൂന്നു മണിക്കൂർ വെള്ളം തിളച്ചതിനുശേഷം ഭരണിയിൽ ഒരു നിശ്ചിത അളവ് ഞെരിയാസ് ഇട്ട് ഒരു മണിക്കൂർനേരം വീണ്ടും തിളപ്പിക്കുന്നു. പിന്നീട് പാത്രത്തിൻെറ അടിയിൽനിന്നും തീ മാററി, വെള്ളം തണുത്തുകഴിയുമ്പോൾ, ഭരണി എടു


ത്ത് അതിൽനിന്നും തെളിഞ്ഞ തൈലം പകർന്നെടുത്ത് കൂദാശ ചെയ്യുന്നതിനായി ഉപയോഗിക്കുന്നു. (ഈ തൈലം പ. പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് കൊണ്ടുവന്നിരുന്നു.)

ഈ സുഗന്ധ തൈലത്തോടുകൂടി ആവശ്യാനുസരണം സൈത്തെണ്ണ ചേർത്താണ് വി. മൂറോൻ കൂദാശ നടത്തുന്നത്. 1982 ഫെബ്രുവരി 27–ാം തീയതി ശനിയാഴ്ച മണർകാട് വി. മർത്തമറിയം പള്ളിയകം മുഴുവനും പട്ടക്കാരെയും ശെമ്മാശ്ശൻമാരെയും തിരുമേനിമാരെയും മാത്രംകൊണ്ടു നിറഞ്ഞിരുന്നു. പ്രധാന പ്രാർത്ഥനയ്ക്കുശേഷം കൂദാശ ആരംഭിച്ചു. മരക്കുരിശ്, അംശവടി, ഏവൻഗേലിയോൻ എന്നിവ വഹിച്ച് മൂന്നു വൈദികർ മുന്നിൽ നീങ്ങി. അതിനു പിന്നിലായി ധൂപം വീശിക്കൊണ്ട് പ. പാത്രിയർക്കീസ് ബാവാ പള്ളിയുടെ വടക്കെ വാതിൽവഴി ഇറങ്ങി തെക്കെ വാതിൽവഴി അകത്തു പ്രവേശിച്ച് ആദ്യത്തെ പ്രദക്ഷിണം നടത്തി. ഈ അവസരത്തിൽ കത്തിച്ച മെഴുകുതിരികളും മറുബാസാകളുമായി ശെമ്മാശ്ശൻമാർ പ. പിതാവിനെ അനുഗമിച്ചിരുന്നു.

മദ്ബഹായിൽ പ്രവേശിച്ച് സുഗന്ധ തൈലത്തിൽ ''ബലസ്മൂൻ'' എന്ന വിലയേറിയ സുഗന്ധദ്രവ്യം കലർത്തി കൂദാശ തുടരുന്നു. അതിനുശേഷം പ. പാത്രിയർക്കീസ് ബാവാ സുഗന്ധതൈലം ഇരിക്കുന്ന ഒരു ഭരണി കാപ്പയുടെ ഉള്ളിൽ—നെഞ്ചോടു ചേർത്ത്—വഹിക്കുന്നു. പിന്നീട് പ. ബാവാ കൂടാരത്തിനുള്ളിൽ പ്രവേശിക്കുകയും, വൈദികർ കൂടാരം വഹിച്ചുംകൊണ്ടും; സ്ലീബാ, അംശവടി, ഏവൻഗേലി എന്നിവ കോർ എപ്പിസ്ക്കോപ്പാമാർ വഹിച്ചുകൊണ്ട് ഏററവും മുൻപിലും, പന്ത്രണ്ട് യൗഫദ്യക്നൻമാർ തിരികളും പന്ത്രണ്ടു ശെമ്മാശ്ശൻമാർ മറുബാസാകളും, പന്ത്രണ്ടു പുരോഹിതൻമാർ ധൂപക്കുററികളും എടുത്തുകൊണ്ടും; ഭക്തിനിർഭരമായ രണ്ടാം പ്രദക്ഷിണം നടക്കുന്നു. ഈ പ്രദക്ഷിണം ആരംഭിക്കുന്നതിനുമുൻപ് അർക്കിദിയാക്കോൻ ''പിരിഞ്ഞുപോകുവാനുള്ള സ്ത്രീപുരുഷൻമാർ പോകണം, മാമോദീസാ മുങ്ങിയിട്ടില്ലാത്ത വേദപഠിതാക്കാം, പിശാച് ബാധിതർ ആദിയായി ഞങ്ങളുടെകൂടെ ഇവിടെനിന്നു പ്രാർത്ഥിക്കുവാൻ പാടില്ലാത്തവർ ഇവിടെ നില്ക്കരുത്''' എന്ന് ഉച്ചത്തിൽ വിളിച്ചുപറഞ്ഞ് ഈ കൂദാശയുടെ പരിശുദ്ധതയെ വെളിപ്പെടുത്തുന്നു.

പ്രദക്ഷിണം തിരിച്ച് മദ്ബഹായിൽ പ്രവേശിച്ചശേഷം മൂറോൻകൂദാശയുടെ രണ്ടാമത്തെ ശുശ്രൂഷ നടത്തപ്പെടുന്നു. ഈ ശുശ്രൂഷയുടെ അവസാനത്തിൽ പ. പാത്രിയർക്കീസ് ബാവാ പ. മദ്ബഹായുടെ നാലുവശത്തേക്കും തിരിഞ്ഞ് വി. മൂറോൻ ആഘോഷിക്കുന്നു. വാഴ്ത്തിയ മൂറോൻ ത്രോണോസിൽ വയ്ക്കുന്നതോടെ മൂറോൻ കൂദാശയുടെ പ്രത്യേക ശുശ്രൂഷ അവസാനിച്ചു. തുടർന്ന് പ. പാത്രിയർക്കീസ് ബാവായുടെ പ്രധാന കാർമ്മികത്വത്തിലും ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ സഹകരണത്തിലും വി. കുർബാന അർപ്പിക്കപ്പെട്ടു.

പ. സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവാ ഇത് രണ്ടാമത്തെ തവണയാണ് മൂറോൻ കൂദാശ നിർവ്വഹിക്കുന്നത്. 1980 നവംബറിൽ ദമസ്ക്കോസിൽവച്ചാണ് പ. പിതാവ് ഇതിനു മുൻപ് മൂറോൻ കൂദാശ ചെയ്തത്. ഇദ്ദേഹത്തിന്റെ മുൻഗാമി പ. യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവാ ഏഴ് പ്രാവശ്യം മൂറോൻ കൂദാശ ചെയ്തിരുന്നു, പ. ഏലിയാസ് തൃതീയൻ ബാവാ ആറു പ്രാവശ്യവും. ഏഴാം പ്രാവശ്യം മലങ്കരയിൽവച്ചു മൂറോൻകൂദാശ നടത്തണമെന്നാഗ്രഹിച്ചെങ്കിലും അദ്ദേഹത്തിന്റെ ആകസ്മികമായ നിര്യാണംമൂലം അത് സാധിച്ചില്ല. ●



അങ്കമാലി ഭദ്രാസനത്തിൻെറ സഹായ മെത്രാപ്പോലീത്താ മോർ സേവേറിയോസ് അബ്രഹാം തിരുമേനി സ്ഥാനാഭിഷേക സമയത്ത് മുട്ടുകുത്തി നിൽക്കുന്നു. ത്രോണോസിൻെറ പദവിയിൽ പടിഞ്ഞാറോട്ട് തിരിഞ്ഞു നിൽക്കുന്നത്, പ. പാത്രിയർക്കീസ് ബാവാ തിരുമേനിയും, ശ്രേഷ്ഠ കാതോലിക്കാ തിരുമേനിയും. മററുള്ളവർ:—അമേരിക്കയുടെ ആർച്ച് ബിഷപ്പ് സാമുവേൽ യേശു മോർ അത്താനാസ്യോസ്, മദ്ധ്യ യൂറോപ്യൻ ഇടവകകളുടെ യേശു മോർ യൂലിയോസ്, ഗീവറുഗീസ് മോർ ഗ്രീഗോറിയോസ്, തോമസ് മോർ ദീവന്നാസ്യോസ്, കുര്യാക്കോസ് മോർ കൂറിലോസ്, തോമ്മസ് മോർ തെയോഫിലോസ്, യാക്കുബ് മോർ തീമോത്തിയോസ് എന്നീ തിരുമേനിമാർ




തിരുവല്ലാ സെൻറ് ജോർജ് ചാപ്പലിൽ ശ്രീ. പി. ജെ. കുര്യൻ, എം.പി., പ. പാത്രിയർക്കീസ് ബാവായെ ഹാരമണിയിച്ചപ്പോരം.

തോമ്മസ് മോർ തിയോഫിലോസ്, ജോർജ് മോർ തിയോഫി ലോസ് എന്നീ തിരുമേനി മാരെയും കാണാം



ബോംബെ ഗവർണരോടൊപ്പം—ഇടത്തുനിന്ന് നാലാമത് ഖാദിബോർഡ് ചെയർമാൻ
ശ്രീ. എം. എം. തോമസ്, പ. പാത്രിയർക്കീസ് ബാവായുടെ ഇടതുവശത്ത് ബോംബേ
ഗവർണർ ശ്രീ. ലത്തീഫ് എന്നിവരാണ്

## ബോംബെയിലെ സ്വീകരണം





ഇടത്തുനിന്ന്: ജോർജ് മോർ തെയോഫിലോസ് മെത്രാപ്പോലീത്താ, ഇൻഡ്യയിലെ സിറിയൻ
അംബാസഡർ, ശ്രേഷ്ഠ കാതോലിക്കാബാവാ, ധനകാര്യമന്ത്രി ഡോ. സുബ്രഹ്മണ്യം,
പരിശുദ്ധ പാത്രിയർക്കീസ് ബാവാ, ആർച്ച്ബിഷപ്പ് സൈമൺ പിമന്റേറാ,
എം. എൽ. എ. ഉമ്മൻ, എബ്രഹാം മോർ ക്ലീമീസ് മെത്രാപ്പോലീത്താ, മീലീത്തൂസ് മോർ
ബർന്നാബാസ് മെത്രാപ്പോലീത്താ, തോമസ് മോർ തെയോഫിലോസ് മെത്രാപ്പോലീത്താ
ബിഷപ്പ് ചർച്ച് ഓഫ് നോർത്ത് ഇൻഡ്യാ



മേപ്രാൽ സെൻറ് മേരീസ് ഹോസ്പിററലിൻെറ ശിലാസ്ഥാപനത്തിനുള്ള
ശില പ. പാത്രിയർക്കീസ് ബാവാ വാഴ്ത്തിയപ്പോൾ



പ. പാത്രിയർക്കീസ് ബാവായും കേന്ദ്രമന്ത്രി എ. എ. റഹീമും.
ബാബു പോൾ, ഏബ്രഹാം ഈപ്പൻ പാലാമ്പടം എന്നിവരേയും കാണാം






മുകളിൽ: പ. ബാവാ കുര്യാക്കോസ് മോർ കൂറിലോസ് മെത്രാപ്പോലീത്തായുമായി തിരുവല്ലാ സെൻറ് ജോർജ് ചാപ്പലിൽ

ഇടത്ത്: പ. ബാവാ ഗീവറുഗീസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുമായി കോട്ടയം സെൻറ് ജോസഫ്സ് ഭദ്രാസന ദേവാലയത്തിൽ

തിരുവിതാംകൂർ മഹാരാജാവ് കവടിയാർ കൊട്ടാരത്തിൽ നൽകിയ സ്വീകരണം

ഇടത്തുനിന്ന്: ഏബ്രഹാം മോർ ക്ലീമിസ്, അപ്രേം മോർ തിമോത്തിയോസ്, സാമുവേൽ മോർ അത്താനാസ്യോസ്, ശ്രേഷ്ഠ കാതോലിക്കാ ബാവാ എന്നീ തിരുമേനിമാർ, കാർത്തിക തിരുനാൾ തമ്പുരാട്ടി, പ. പാത്രിയർക്കീസ് ബാവാ, ജോർജ് മോർ തെയോഫിലോസ് തിരുമേനി, ശ്രീ ചിത്തിരതിരുനാൾ മഹാരാജാവ്, ഏബ്രഹാം ഈപ്പൻ പാലാമ്പടം, യേശു മോർ യൂലിയോസ്, കുര്യാക്കോസ് മോർ കൂറിലോസ് എന്നീ തിരുമേനിമാർ



# വിശ്വാസ സംരക്ഷണ സമിതി —ഒരു അവലോകനം

## വർക്കി കുര്യാക്കോസ്, കൊച്ചേട്ട് അയ്മനന്തറ

1958–ൽ പഴയസിമ്മനാരിയിൽ നടന്ന സമാധാനപ്രഹസനത്തെതുടർന്ന് മലങ്കരയിലെ അന്ത്യോഖ്യാ വിശ്വാസികളെ സംബന്ധിച്ചിടത്തോളം ആത്മീയമായും, മാനസികമായും ശാരീരികമായുമുള്ള പീഡാകാലമായിരുന്നു. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായെ പരിപൂർണ്ണമായും ഒഴിവാക്കി ഒരു സർവ്വസ്വതന്ത്രമായ സഭാസാമ്രാജ്യം കെട്ടിപ്പടുക്കുവാനും, ബാവാകക്ഷിയിലെ പ്രമുഖരായ വ്യക്തികളെ—വൈദികരെയും അത്മായക്കാരെയും—തേജോവധം ചെയ്യുന്നതിനും പുറമെ ഐഹികഭരണകർത്താക്കളുമായി അവിഹിതമായി ഇടപെട്ട് ശാരീരിക പീഡനങ്ങളുംപ്പെടെയുള്ള പീഡനമുറകൾ സ്വീകരിക്കുന്നതിനും (കല്ലുങ്കത്ര സംഭവം തുടങ്ങിയവ) ദേവലോകത്തെ ഉപജാപകവൃന്ദം രംഗത്തിറങ്ങി. അവശയായ എപ്പിസ്കോപ്പസിയുടെ ദയനീയമായ പരാജയം ദർശിച്ച അത്മായക്കാർ തറവാടിത്തം പുലർത്തിയിരുന്ന വൈദികപ്രമുഖരുടെ കരുത്തുററ നേതൃത്വത്തിൽ സംഘടിച്ച് പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസിൻെറ പരമാദ്ധ്യക്ഷതയിലുള്ള സഭയ്ക്കുമാത്രമേ കാതോലികത്വവും ശ്ലൈഹികത്വവും തത്ഫലമായി മ്ശിഹായുടെ ശരീരമെന്ന ബഹുമതിയും അവകാശപ്പെടുവാൻ അർഹതയുമുള്ളൂ എന്ന് ആവർത്തിച്ചു പ്രഖ്യാപിച്ചുകൊണ്ട് ''അന്ത്യോഖ്യൻ സിറിയൻ മൂവ്മെൻറ്'' എന്ന ബാനറിൽ കോട്ടയം കേന്ദ്രമായി അവർ പ്രവർത്തനമാരംഭിച്ചു. ബ. വായിത്രപുന്നൂസ് കശ്ശീശാ പ്രസിഡൻറും പരേതനായ മാണി സഖറിയാ സെക്രട്ടറിയും ശ്രീ ബി. വി. ഏബ്രഹാം ട്രഷററുമായി ആരംഭിച്ച പ്രസ്ഥാനം ഈടുററതും എണ്ണമററതുമായ ലഘുലേഖകൾ വഴി ''പരസ്പരസ്വീകരണ'' ത്തിൻെറ പൊള്ളത്തരം വെളിവാക്കിക്കൊണ്ടിരുന്നു. മലങ്കരയുടനീളം ശാഖകൾ സ്ഥാപിതമായി. ഈ മൂവ്മെൻറിൻെറ പ്രയോക്താവ് പരേതനായ ഡോ.പി.ററി. തോമസ് പാലാമ്പടമായിരുന്നുവെന്നുള്ള വസ്തുത ഇത്തരുണത്തിൽ സ്മരിക്കുന്നു. സംഗതിയുടെ നിജസ്ഥിതി മനസ്സിലാക്കുന്നതിനുവേണ്ടി പരിശുദ്ധ സിംഹാസനത്തിലേക്ക് ഒരു മെമ്മോറാണ്ടം സമർപ്പിച്ചതിൻെറ മറുപടി ആയിരുന്നു, '' ലജ്ജാകരമായ വീഴ്ച'' യെ പ്രതിപാദിക്കുന്ന കൽപന. ആ ''ശുദ്ധ സത്യം'' മനസ്സിലാക്കിയ ജനങ്ങളുടെ ആവേശകരമായ പ്രതികരണമായിരുന്നു ചരിത്രപ്രസിദ്ധമായ കോട്ടയം സിറിയൻ ക്രിസ്ത്യൻ കൺവെൻഷൻ. ലോകം സത്യം മനസ്സിലാക്കി. കൊല്ലം മുതൽ തലശ്ശേരി വരെയുള്ള കോടതികളിൽ ''സമാധാനമായി'' എന്ന അടിസ്ഥാനത്തിൽ മറുഭാഗക്കാർ വാദമുഖങ്ങൾ നിരത്തിക്കൊണ്ടിരുന്നെങ്കിലും, ഒന്നൊഴിയാതെ പരാ

ജയം ഏററുവാങ്ങുകയാണുണ്ടായത്. ദേവലോകത്തിൻെറ അധികാര നുകത്തിൻ കീഴിൽ—പരിശുദ്ധ പാത്രിയർക്കീസ് ബാവായെ മാററിനിർത്തി— അന്ത്യോഖ്യാ ഭക്തരെ അടിച്ചമർത്താമെന്നുള്ള വ്യാമോഹം കൂടുതൽ കൂടുതൽ വ്യക്തമായതോടെ, അന്ത്യോഖ്യൻ സിറിയൻ മൂവ്മെൻറ് സംഘടനാപരമായി കൂടുതൽ ശക്തി സമാർജ്ജിച്ചതും മോർ യൂലിയോസ് ഏലിയാസ് മെത്രാപ്പോലീത്തായുടെ നിശ്ചയദാർഢ്യവും മോർ പീലക്സീനോസ് പൗലൂസ് മെത്രാപ്പോലീത്തായുടെ (ശ്രേഷ്ഠ ബാവാ) നേതൃത്വവും കൊണ്ടുമാത്രമാണ്, 1964–ലെ കാതോലിക്കാ വാഴ്ചയ്ക്ക് പരിശുദ്ധ പാത്രിയർക്കീസ് ബാവാ ക്ഷണിക്കപ്പെടുവാനിടയായത്.

എന്നാൽ ആ കാതോലിക്കാ വാഴ്ചയുടെ അന്ത്യത്തിൽ മോർ ഔഗേൻ ബസ്സേലിയോസിൻെറ പ്രസംഗം ശ്രദ്ധിച്ചിരുന്ന വിശ്വാസികൾക്ക് വളരെ വ്യക്തമായി മനസ്സിലായി, ആ സമാധാനം അധികം നാൾ നിൽക്കുകയില്ലെന്ന്. ദേവലോകത്തെ ഉപജാപകവൃന്ദം പ്രവർത്തനനിരതമായി. ഇടവകകളുടെ മേൽ ഭരണഘടന അടിച്ചേൽപ്പിക്കുവാനും പട്ടക്കാരെ സ്ഥലം മാററുവാനും നവജാതമായ ദേശീയ സഭയ്ക്ക് ആധിപത്യം ഉറപ്പിക്കുവാനുമുള്ള കരുക്കൾ നീക്കാനും തുടങ്ങി. പരമ മേലദ്ധ്യക്ഷനായ പ. പാത്രിയർക്കീസ് ബാവാ അടിസ്ഥാനമിട്ട സമാധാനം എങ്ങനെയെങ്കിലും നിലനിന്നു കാണുവാനാഗ്രഹിച്ച, അനുസരണമുള്ള മക്കളായ അന്ത്യോഖ്യാഭക്തർ നിറകണ്ണുകളോടെ നിശ്ശബ്ദരായി നിലകൊണ്ടു.

എന്നാൽ 1972–ൽ യു. എൻ. ഐ. ലേഖകനെ ദേവലോകത്ത് വിളിച്ചുവരുത്തി, മാർ തോമ്മായുടെ സിംഹാസനമെന്ന ഭാവനാസൃഷ്ടിയെ അവതരിപ്പിക്കുകയും സ്വാതന്ത്ര്യം പ്രഖ്യാപിക്കുകയും, പരമമേലദ്ധ്യക്ഷത കേറി ഏൽക്കുകയും, അന്ത്യോഖ്യാ പാത്രിയർക്കീസ് കടലിനക്കരെ നിന്നാൽ മതിയെന്ന് താക്കീത് നൽകുകയും ചെയ്തപ്പോൾ സത്യവിശ്വാസികളുടെ രക്തം തിളയ്ക്കുവാൻ തുടങ്ങി. ഈ സഭയിലെ അപ്രസക്തരെന്നു തോന്നാവുന്ന ഏതാനും വിശ്വാസികൾ ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി. പത്തി വിടർത്തി ആടിക്കൊണ്ടിരുന്ന ദേവലോകമൂർഖരെ ഭയന്ന് ഒരുമിച്ചു കൂടുവാൻതന്നെ വിശ്വാസികൾ ഭയപ്പെട്ടിരുന്നു. മുൻ പാത്രിയർക്കീസ് ഭാഗത്തുണ്ടായിരുന്ന 400 പേർക്ക് പുത്തനങ്ങാടി വാഴയിൽ വി. ററി. മാണിയുടെ വസതിയിൽ ചേരുവാൻ ക്ഷണക്കത്തയച്ചെങ്കിലും കേവലം അംഗുലീപരിമിതമായ വൈദികരും വളരെക്കുറച്ച് അത്മായക്കാരും മാത്രമേ ഒരുമിച്ചു ചേരുവാൻ ധൈര്യപ്പെട്ടുള്ളൂ. പക്ഷേ എണ്ണത്തിൽ കുറവായിരുന്നെങ്കിലും അവർ നിശ്ചയദാർഢ്യത്തോടെ വിശ്വാസസംരക്ഷണത്തിനുവേണ്ടി മരണംവരെയും പടപൊരുതുവാൻ പ്രതിജ്ഞ ചെയ്തു. ഇങ്ങനെയാണ് സത്യവിശ്വാസസംരക്ഷണ സമിതി രൂപീകൃതമായത്. ശ്രീ ജോൺ ഏബ്രഹാം (പ്രസിഡൻറ്), പരേതനായ സി. ഫിലിപ്പ്സ് (സെക്രട്ടറി), ഈ ലേഖകൻ (ട്രഷറാർ), സർവ്വശ്രീ എൻ. പി. ചാക്കോ, ഏബ്രഹാം ആലയ്ക്കാപ്പള്ളി, കെ. പി. മാത്യൂസ് തരകൻ, കാവിയിൽ കുട്ടിയപ്പൻ തുടങ്ങിയവർ ഉൾപ്പെടുന്ന ഒരു എക്സിക്യൂട്ടീവ് കമ്മിററിയെ തിരഞ്ഞെടുത്തു. തങ്ങൾക്ക് കൂടുതൽ കുഴപ്പങ്ങൾ ഒഴിവാക്കുവാൻവേണ്ടി, വിശ്വാസധീരരായി അവിടെ ചേർന്നിരുന്ന ബഹു. വൈദികരെ ഔദ്യോഗിക സ്ഥാനങ്ങളിൽനിന്ന് ഒഴിവാക്കുകയായിരുന്നു.

തുടർന്ന് അങ്ങോട്ട് ഭഗീരഥപ്രയത്നങ്ങളായിരുന്നു. അഹോരാത്രം, മഴയും വെയിലും വകവയ്ക്കാതെ, വിശപ്പും ദാഹവും മറന്ന് മലങ്കരയിലുടനീളം ഓടിനടന്ന് പള്ളികൾതോറും ശാഖകൾ സ്ഥാപിച്ചു. അന്ന് സ്ഥാപിക്കപ്പെട്ട പെരുമ്പള്ളി സിംഹാസന

പ്പള്ളി ശാഖയുടെ പ്രസിഡൻറ് ബഹു. പി. എം. ഗീവറുഗീസ് അച്ചൻ ഗീവറുഗീസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമേനി ആയിരുന്നുവെന്ന് കൃതജ്ഞതാപൂർവ്വം രേഖപ്പെടുത്തുന്നു. സ്വന്തം ആരോഗ്യത്തെപ്പോലും ഗൗനിക്കാതെ സമിതി സെക്രട്ടറി സി. ഫിലിപ്പ്സ് തന്ന സുധീരമായ നേതൃത്വത്തെ സസന്തോഷം സ്മരിക്കുന്നു. കടുത്ത സാമ്പത്തിക ഭാരത്തെ അതിജീവിച്ചും അദ്ദേഹം സ്ഥാപിച്ച 'മലങ്കര ശബ്ദം' അന്ത്യോഖ്യാഭക്തരുടെ ശബ്ദമായിത്തീർന്നു. സ്വന്തമായി ഒരു വാരിക ലഭിച്ചതോടെ സമിതിയുടെ പ്രവർത്തനം ഇൻഡ്യ മുഴുവൻ വ്യാപിപ്പിക്കുന്നതിനും സത്യവിശ്വാസികളെ അനായാസം സംഘടിപ്പിക്കുന്നതിനും സാധിച്ചു.

മലങ്കരസഭയിൽ നടക്കുന്ന സംഭവങ്ങൾ, സമിതി സത്യസന്ധമായി പ. ബാവായെ അറിയിച്ചുകൊണ്ടിരുന്നു. വിശ്വാസികളുടെ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് മെമ്മോറാണ്ടങ്ങളും സമർപ്പിച്ചുകൊണ്ടിരുന്നു. കേവലം അത്മായക്കാർ പ. സിംഹാസനവുമായി എഴുത്തുകുത്തുകൾ നടത്തുന്നതിനെ നഖശിഖാന്തം എതിർത്തിരുന്ന സമിതി പ. ബാവായുമായി ബന്ധപ്പെട്ടുകൊണ്ടിരുന്നത് മഞ്ഞനിക്കരയിലെ ബഹു. യാക്കൂബ് റമ്പാച്ചൻ (യാക്കൂബ് മോർ യൂലിയാസ് മെത്രാപ്പോലീത്താ തിരുമേനി) മുഖാന്തരമായിരുന്നു. സമിതിയുടെ നിരന്തരമായ അഭ്യർത്ഥനയെ മാനിച്ച് നമുക്ക് സത്യവിശ്വാസികളായ മെത്രാപ്പോലീത്താമാരെ പ. സിംഹാസനത്തിൽനിന്നും വാഴിച്ചുതന്നതെന്ന് കൃതജ്ഞതയോടെ സ്മരിച്ചുകൊള്ളുന്നു.

ആരംഭകാലം മുതൽ സമിതിയുടെ പ്രവർത്തനങ്ങളുമായി പൂർണ്ണമായി സഹകരിച്ചു പ്രവർത്തിച്ചിരുന്നവരായിരുന്നു ദിവ്യ ശ്രീമാൻമാരായ പി. സി. ഫിലിപ്പ് കശ്ശീശാ (ഫീലിപ്പോസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ), സി. എം. തോമസ് കശ്ശീശാ (തോമസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ), പറയകുളം യാക്കൂബ് കശ്ശീശാ (യാക്കൂബ് മോർ തീയോസ് മെത്രാപ്പോലീത്താ) എന്നിവർ. പാത്രിയർക്കാദിനാഘോഷം അഖില മലങ്കരാടിസ്ഥാനത്തിൽ നടത്തുന്നതിനുള്ള തീരുമാനം വിശ്വാസസംരക്ഷണ സമിതിയുടേതായിരുന്നു. കോട്ടയത്തു നടന്ന പ്രഥമ അഖില മലങ്കര പാത്രിയർക്കാദിനാഘോഷ കമ്മിററിയുടെ ചെയർമാൻ ശ്രീ ഈപ്പൻ തോമസ് പാലാമ്പടവും സെക്രട്ടറി ശ്രീ എം. സി. ചാക്കോ മുണ്ടാക്കലുമായിരുന്നു. ദേവലോകത്തെ പിടിച്ചുലച്ച പാത്രിയർക്കാദിനത്തെ തുടർന്ന് പ്രസ്തുത കമ്മിററി കുമരകത്ത് അഖില മലങ്കര പള്ളിപ്രതിപുരുഷ യോഗം വിളിച്ചുകൂട്ടുകയും യാക്കോബായ അസോസിയേഷൻ സംജാതമാകുകയും ചെയ്തു.

അസോസിയേഷൻ രൂപീകൃതമായെങ്കിലും സമിതി നിശ്ശബ്ദമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അത് ഇന്നും സഭയുടെ പ്രതിസന്ധികളിൽ നിശ്ശബ്ദവും നിസ്വാർത്ഥവുമായ സേവനങ്ങൾ അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നു. 1064 പള്ളികളെ സംബന്ധിച്ചുള്ള വ്യവഹാരത്തിന്റെ വൻ വിജയത്തിന്റെ പുറകിൽ സമിതിപ്രവർത്തകരുടെയും നിരന്തരമായ പ്രവർത്തനമുണ്ടായിരുന്നുവെന്ന് സസന്തോഷം പ്രസ്താവിച്ചുകൊള്ളുന്നു.

കാനോനികമായ ഒരു ശ്രേഷ്ഠ കാതോലിക്കാ സ്ഥാപനവും, സത്യവിശ്വാസികളായ മെത്രാപ്പോലീത്താമാരും ആയതോടുകൂടി സമിതിയുടെ സ്ഥാപനോദ്ദേശ്യം സഫലമായിത്തീർന്നെങ്കിലും, സമിതി ഇന്നും കർമ്മനിരതമാണ്. മണർകാട് വി. ദൈവമാതാവിന്റെ പള്ളിയിൽവച്ച് സമിതി പ്രവർത്തകർ പരിശുദ്ധ പാത്രിയർക്കീസ് ബാവായെ കാണുകയും സമകാലീന പ്രശ്നങ്ങളെ സംബന്ധിച്ച് ചില ക്രിയാത്മകമായ നിർദേശങ്ങൾ തൃപ്പാദങ്ങളിൽ സമർപ്പിക്കുകയും ചെയ്തു. പ. ബാവാ തിരുമേനി തന്റെ സന്തുഷ്ടി പ്രകടിപ്പിക്കുകയുണ്ടായി. □

# കോട്ടയം ഭദ്രാസനാസ്ഥാനം

## പി. റ്റി. എബ്രഹാം, കടവുംഭാഗം

പരിശുദ്ധ പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ തിരുമനസിലെ അദ്ധ്യക്ഷതയിൽ മുളന്തുരുത്തിയിൽ സമ്മേളിച്ച ചരിത്രപ്രസിദ്ധമായ മലങ്കരസഭാ സുന്നഹദോസിലെ നിശ്ചയപ്രകാരമാണ് കോട്ടയം ഭദ്രാസനം നിലവിൽ വന്നത്. നാനാപ്രകാരേണയും മുൻപന്തിയിൽ നില്ക്കുന്ന കോട്ടയം പട്ടണത്തിൽ മലങ്കര സഭയുടെ പൊതു ആവശ്യങ്ങൾക്ക് പഴയ സെമ്മിനാരി മുതലായ സ്ഥാപനങ്ങൾ ഉണ്ട്. എങ്കിലും കോട്ടയം ഭദ്രാസനത്തിനു പട്ടണത്തിൽ ഒരു ആസ്ഥാനം ഇല്ലായിരുന്നു. 1980 വരെ ഈ ഭദ്രാസനത്തെ ഭരിച്ച ഇടവക മെത്രാപ്പോലീത്തൻമാർ മഹാരഥൻമാരായിരുന്നു, കഴിവുററവരുമായിരുന്നു. എന്നാൽ അവരുടെ സേവനകാലം മുഴുവൻ പരിശുദ്ധ സഭയെ സത്യവിശ്വാസത്തിൽ നിലനിർത്തുന്നതിനും, അന്ത്യോഖ്യാ സിംഹാസന ബന്ധം അന്യൂനം പുലർത്തുന്നതിനും, സഭാ ശത്രുക്കൾക്കെതിരായി പോരാടേണ്ടിവന്നു. തന്നിമിത്തം അവർക്കാർക്കുംതന്നെ കോട്ടയം ഭദ്രാസനത്തിന് പട്ടണമദ്ധ്യത്തിൽ ഒരു ആസ്ഥാനം ഉണ്ടാക്കുവാൻ ശ്രദ്ധിക്കുന്നതിനോ ശ്രമിക്കുന്നതിനോ സാധിച്ചില്ല. പാത്രിയർക്കീസ് ബാവാ പക്ഷക്കാർക്കു മാത്രമല്ല—മറു പക്ഷക്കാർക്കും സാധിച്ചില്ലാ—അവർക്ക് ഇന്നും സാധിച്ചിട്ടില്ല.

1980 ജൂൺ 19–ാം തീയതി പാണമ്പടി സെൻറ് മേരീസ് പള്ളിയിൽ കൂടിയ കോട്ടയം ഭദ്രാസന പള്ളി പ്രതിപുരുഷ യോഗത്തിൽ ''കോട്ടയം ഭദ്രാസന സഹായ മെത്രാപ്പോലീത്തായായി നി. വ. ദി. ശ്രീ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ 'സുന്ത്രണിസൊ' ശുശ്രൂഷ നിർവ്വഹിച്ചതിനുശേഷം, അതിൽ പ്രധാന കാർമ്മികത്വം വഹിച്ച കോട്ടയം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായും കിഴക്കിന്റെ ശ്രേഷ്ഠ കാതോലിക്കായും ആയ നി. വ. ദി. ശ്രീ ബസ്സേലിയോസ് പൗലൊസ് ദ്വിതീയൻ ബാവാ തിരുമനസ്സുകൊണ്ട് പള്ളിപ്രതിപുരുഷ യോഗത്തോടും, പുതുതായി തിരഞ്ഞെടുത്ത കൗൺസിൽ അംഗങ്ങളോടും, ''ഇനി ആറ് ഏഴ് മാസങ്ങൾക്കകം കോട്ടയം ഭദ്രാസനത്തിന് ഒരു ആസ്ഥാനം കോട്ടയം പട്ടണത്തിൽ നിങ്ങൾ സമ്പാദിക്കണം'' എന്നു കല്പിച്ച്, അതിനുവേണ്ട പ്രചോദനം നല്കി. അവിടുത്തെ നിർമ്മലഹൃദയത്തിൽനിന്നും വരുന്ന ആശംസകൾ സഫലീകൃതമാകാതിരുന്നിട്ടില്ല. അവിടുന്നുതന്നെ ആസ്ഥാന നിർമ്മാണ ഫണ്ടിലേക്ക് ഒരു നല്ല തുക സംഭാവനയും ചെയ്തു.

കോട്ടയം ഭദ്രാസനത്തിന് ഒരിക്കലും മറക്കാനാവാത്ത പുണ്യസ്മരണാർഹനായ മിഖായേൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമേനിയുടെ സ്മരണ നിലനിർത്തുന്നതിന് ''മിഖായേൽ മാർ ദീവന്നാസ്യോസ് സ്മാരക സെൻറർ'' എന്ന അഭിധാനത്തിൽ ഒരു

ഭദ്രാസനാസ്ഥാനം പണിയണമെന്നും ആ വന്ദ്യ തിരുമേനി കാലം ചെയ്തിട്ട് 25 വർഷം തികഞ്ഞ 1981 ജനുവരി മാസം 18–ാം തീയതി കോട്ടയം പട്ടണത്തിന്റെ ഹൃദയഭാഗത്ത് അതിന്റെ കല്ലിടീൽ കർമ്മം നിർവ്വഹിക്കണമെന്നും ഭദ്രാസന സഹായ മെത്രാപ്പോലീത്തായുടെ സുശക്തമായ നേതൃത്വത്തിൻകീഴിൽ ഭദ്രാസന യോഗം തീരുമാനിച്ചു.

സ്ഥലം ഇല്ല—പണം ഇല്ല—എന്നാൽ മനസ്സുണ്ട്. ശ്രേഷ്ഠ കാതോലിക്കാ ബാവാ തിരുമേനിയുടെ ആശംസയുണ്ട്. മിഖായേൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ മദ്ധ്യസ്ഥതയുണ്ട്. ദൈവകൃപയും ഉണ്ടായിരുന്നു. ഇവയോടൊപ്പം യുവാവായ ഇടവക സഹായ മെത്രാപ്പോലീത്താ തിരുമേനിയുടെ അക്ഷീണ പരിശ്രമവും ഭദ്രാസനത്തിലെ പള്ളികളുടെയും സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും നിർല്ലോപ സഹായ സഹകരണങ്ങളുംകൂടി ചേർന്നപ്പോഠം കാര്യം വിജയപ്രദമായി.

കോട്ടയം പട്ടണത്തിന്റെ ഹൃദയഭാഗത്ത് ശാസ്ത്രിറോഡ് സൈഡിൽ ഈ സെൻററിനുവേണ്ട സ്ഥലം ദൈവഗത്യാ വാങ്ങിക്കുവാൻ സാധിച്ചു. പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥരുടെ പിതാമഹിയായ പാറയ്ക്കൽ മിസസ് പെണ്ണമ്മ മാത്തൻ എന്ന ദൈവഭക്തയായ സ്ത്രീരത്നം മററ് പല പ്രലോഭനങ്ങളുണ്ടായിരുന്നിട്ടും ''എന്റെ സ്ഥലത്ത് ഒരു ദേവാലയം പണിത് അവിടെനിന്നുമുള്ള മണിനാദം കേഠംക്കുവാൻ എനിക്ക് ഇടവരുന്നത് എത്രയോ വലിയ ഭാഗ്യമാണ്'' എന്നു പറഞ്ഞ് ആ സ്ഥലം മിഖായേൽ മാർ ദീവന്നാസ്യോസ് സ്മാരക സെൻററിനു നല്കുന്നതിന് തന്റെ പുത്രനോടു നിർബന്ധിച്ചതിനാൽ മാത്രമാണ് ആ സ്ഥലം ദൈവകൃപയാൽ സെൻററിനുവേണ്ടി വിലയ്ക്കു വാങ്ങുവാൻ സാധിച്ചത്. കോട്ടയം ഭദ്രാസന കൗൺസിലിന്റെ നിശ്ചയം അനുസരിച്ചു ഭദ്രാസന ഇടവക സഹായ മെത്രാപ്പോലീത്താ തിരുമേനിയുടെയും ഭദ്രാസന സെക്രട്ടറി പി. പി. ജോസഫ് കോർ എപ്പിസ്കോപ്പായുടെയും ഈ ലേഖകന്റെയും പേരിൽ ഈ ആവശ്യത്തിന് ഒന്നര ലക്ഷം രൂപ കടം എടുക്കുകയും 1982 ജനുവരി മാസം 13–ാം തീയതി സ്ഥലം കൈവശമാക്കുകയും ചെയ്തു. പിന്നീടുള്ള അഞ്ച് ദിവസം പ്രയത്നങ്ങളുടെ ഘോഷയാത്രതന്നെയായിരുന്നു. പിറേറദിവസം ഇടവക സഹായ മെത്രാപ്പോലീത്താ തിരുമേനിയുടെയും തെക്കൻ ഭദ്രാസന മെത്രാപ്പോലീത്താ നി. വ. ദി. ശ്രീ കുര്യാക്കോസ് മാർ കൂറിലോസ് തിരുമേനിയുടെയും മഹനീയ നേതൃത്വത്തിൽ പ്രാർത്ഥനയോടുകൂടി സ്ഥലത്ത് നിർമ്മാണപ്രവർത്തനം ആരംഭിച്ചു. കാൽകുത്താൻപോലും സ്ഥലമില്ലാതെ കാടുപിടിച്ചു ചതുപ്പുനിലമായിരുന്ന പ്രസ്തുത സ്ഥലം കാടുതെളിച്ച്, മണ്ണിട്ടു പൊക്കി നാലു ദിവസംകൊണ്ട് വൃത്തിയാക്കി സെൻററിന്റെ 'കല്ലിടീൽ' കർമ്മം നിർവ്വഹിക്കുന്നതിനു സജ്ജമാക്കി. ഭദ്രാസന കൗൺസിൽ തീരുമാനം അനുസരിച്ചു തന്നെ 1981 ജനുവരി മാസം 18-ാം തീയതി അത് നടത്തുവാൻ സാധിക്കുകയും ചെയ്തു. സഭാമക്കളുടെ സന്നദ്ധ മനോഭാവത്തിന്റെ പ്രതീകമാണ് അവിടെ കണ്ടത്.

നിത്യസ്മരണാർഹനായ മിഖായേൽ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ 25–ാം ചരമ വാർഷിക ദിവസം, 1981 ജനുവരി 18–ന്, അദ്ദേഹം അന്ത്യവിശ്രമംകൊള്ളുന്ന പാമ്പാടി സെൻറ് മേരീസ് പള്ളിയിലെ തിരുക്കർമ്മങ്ങഠംക്കുശേഷം, അദ്ദേഹത്തിന്റെ കബറിങ്കൽനിന്നുള്ള അനുഗ്രഹാശിസ്സുകളോടെ കല്ലിടീൽ കർമ്മത്തിനുവേണ്ടി സജ്ജമാക്കിയിരുന്ന കല്ല് ആഡംബരസമേതം ഘോഷയാത്രയായി പുറപ്പെട്ട് സന്ധ്യയോടുകൂടി ശാസ്ത്രിറോഡ് സൈഡിലുള്ള സ്ഥ

ലത്തു കൊണ്ടുവന്നു. അവിടെവച്ചു കിഴക്കിൻെറ ശ്രേഷ്ഠ കാതോലിക്കായും കോട്ടയം ഭദ്രാസന മെത്രാപ്പോലീത്തായും ആയ ആബൂൻ മാർ ബസ്സേലിയോസ് പൗലൊസ് ദ്വിതീയൻ ബാവാ തിരുമേനിയുടെ മഹനീയ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ട യോഗാനന്തരം കൃത്യം ഏഴേകാൽ മണിക്ക് അഭിവന്ദ്യ ബാവാ തിരുമേനി 'മിഖായേൽ മാർ ദീവന്നാസ്യോസ് സ്മാരക സെൻററി'ൻെറ കല്ലിടീൽ കർമ്മം പ്രത്യേക പ്രാർത്ഥനയോടുകൂടി ഒരു വമ്പിച്ച ജനാവലിയുടെ സാന്നിദ്ധ്യത്തിൽ നിർവ്വഹിച്ചു. നി. വ. ദി. ശ്രീ യാക്കൂബ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ തിരുമേനി, സി. എസ്. ഐ. മദ്ധ്യകേരള മഹായിടവക ബിഷപ്പ് ററി. എസ്. ജോസഫ്, ശ്രീ സ്ക്കറിയാ തോമസ് എം. പി., ശ്രീ എം. എം. മാണി (കോട്ടയം മുനിസിപ്പൽ ചെയർമാൻ), ശ്രീ ഡി. ബാബുപോൾ ഐ. എ. എസ്. എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. ഇടവക സഹായ മെത്രാപ്പോലീത്താ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനി സ്വാഗതവും, ഭദ്രാസന സെക്രട്ടറി പുളിക്കപ്പറമ്പിൽ പി. പി. ജോസഫ് കോർ എപ്പിസ്ക്കോപ്പാ കൃതജ്ഞതയും പറഞ്ഞു.

അഭിവന്ദ്യ തിരുമേനി അദ്ദേഹത്തിൻെറ പ്രസംഗവേളയിൽ 'സെൻററിൻെറ' ഭാവിയെ ചിത്രീകരിച്ച സമയം ഈ സെൻററിൽ വരുന്ന മാർച്ചുമാസം 25—ാം തീയതി, പ. വചനിപ്പ് പെരുന്നാൾ ദിവസം (അന്ന് പകുതി നോയമ്പും ആണ്) വി. കുർബാന അർപ്പിക്കപ്പെടും എന്നു പ്രഖ്യാപിച്ചു. വെറും മൂന്ന് മാസത്തിനകം അത് സാദ്ധ്യമാകുമോ എന്ന സന്ദേഹം പലർക്കും ഉണ്ടായിരുന്നു. എന്നാൽ 'ദൈവ നടത്തിപ്പു'കൊണ്ടു മാത്രം അതും സാധിക്കതന്നെ ചെയ്തു.

ഇതിനിടയ്ക്ക് ഈ സ്ഥലത്ത് ആരാധനാകേന്ദ്രം സ്ഥാപിക്കുന്നതിനു സാങ്കേതികമായ ചില തടസ്സങ്ങൾ ഉള്ളതായി അറിയാൻ കഴിഞ്ഞു. മുനിസിപ്പൽ അധികാരികളുടെ അനുവാദം ലഭിക്കുന്നതിന് ഈ തടസ്സങ്ങൾ നീക്കപ്പെടേണ്ടതായും വന്നു. ഇതിനുവേണ്ടി അഭിവന്ദ്യ തിരുമേനിയും സംഘവും തിരുവനന്തപുരത്തു പോയി അധികൃതരെ സമീപിച്ചു നിവേദനം സമർപ്പിക്കുകയും അങ്ങനെ അനുവാദം ലഭിക്കുകയും ചെയ്തു. ഈ അവസരത്തിൽ ആ സംഘത്തിന് ആവശ്യമായ സഹായം ചെയ്തുകൊടുത്ത ശ്രീ ബാബുപോൾ ഐ. എ. എസ്. അവർകൾ മാർച്ച് മാസം 25—ാം തീയതി വി. കുർബാന ആദ്യമായി ഈ സെൻററിൽ അണയ്ക്കുമ്പോൾ താൻ ''ശുശ്രൂഷക'' നാകാൻ ആഗ്രഹിക്കുന്നു എന്നു തിരുമേനിയോട് അപേക്ഷിക്കുകയും ചെയ്തു.

അവിശ്രമ പരിശ്രമത്തിൻെറ ഫലമായി മാർച്ചുമാസം 25-ാം തീയതി വി. കുർബാന അർപ്പിക്കത്തക്കവിധം 'സെൻററിൽ' ഒരു താല്ക്കാലിക ചാപ്പൽ പണിയപ്പെട്ടു. ഏതാണ്ട് രണ്ടു സംവത്സരങ്ങളോളം ബേക്കർ സ്കൂൾ ചാപ്പലിൽ വി. കാർബാന അർപ്പിക്കുന്നതിന്, നാം ഉപയോഗിച്ചുകൊണ്ടിരുന്ന എല്ലാ ഉപകരണങ്ങൾക്കും പുറമേ താല്ക്കാലിക ത്രോണോസ്, മണി തുടങ്ങി മണർകാട് വി. ദൈവമാതാവിൻെറ പള്ളിയിൽനിന്നു കൊണ്ടുവന്ന ഉപകരണങ്ങളും സജ്ജമാക്കി കിഴക്കിൻെറ ശ്രേഷ്ഠ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട്, അഭിവന്ദ്യരായ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനി, കുര്യാക്കോസ് മാർ കൂറിലോസ് തിരുമേനി, തോമ്മസ് മാർ തെയോഫിലോസ് തിരുമേനി എന്നിവരുടെ സഹകരണത്തിൽ ചാപ്പലിൻെറ താല്ക്കാലിക കൂദാശ നടത്തി വി. കുർബാന അർപ്പിച്ചു. ദിവ്യശ്രീ മാൻമാരായ കോർ എപ്പിസ്ക്കോപ്പാമാർ, വായിത്ര പുന്നൂസ്, വെട്ടിക്കുന്നേൽ കുര്യാക്കോസ്, പുളിക്കപ്പറ

മ്പിൽ പി. പി. ജോസഫ് എന്നിവരും ദിവ്യശ്രീ പറമ്പിൽ നൈനാൻ ജേക്കബ് കശ്ശീശായും, അനവധി ശെമ്മാശൻമാരും ചടങ്ങിൽ പങ്കെടുത്തു. ഒരു വലിയ ജനക്കൂട്ടവും സന്നിഹിതരായിരുന്നു. തൻെറ ആഗ്രഹമനുസരിച്ച് സ്ഥലത്തെത്തിയിരുന്ന ശ്രീ ബാബു പോാം ഐ. എ. എസ്. തന്നെ ശുശ്രൂഷകൻ ആയിരുന്നു. അന്നു പള്ളിയിൽനിന്നും പ്രവഹിച്ച വലിയമണിയുടെ 'ശബ്ദം' കേട്ട് പാറക്കലെ പെണ്ണമ്മ മാത്തൻ കൃതാർത്ഥയായി.

അന്നുമുതൽ എല്ലാ ഞായറാഴ്ചകളിലും മാറാനായ പെരുന്നാളുകളിലും അഭംഗുരമായി ചാപ്പലിൽ വിശുദ്ധ ആരാധന നടത്തപ്പെടുന്നു. മാത്രമല്ല എല്ലാ ബുധനാഴ്ചയും 'പെരുമ്പള്ളി തിരുമേനി' അവിടെ ആരാധനയും പ്രത്യേകമായി 'കന്യാസ്ത്രീയമ്മയോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന'യും നടത്തുന്നു. ചാപ്പലിൽ ആരാധനനടത്തുന്നതിനു വികാരിയായി ദിവ്യശ്രീ കരിമ്പനത്തറ ഏബ്രഹാം കത്തനാരും സഹവൈദികനായി ദിവ്യശ്രീ പി. സി. ചെറിയാൻ കത്തനാരും നിയോഗിക്കപ്പെട്ടു. ബഹുമാനപ്പെട്ട പി. സി. ചെറിയാനച്ചൻ സ്വന്തം സൗകര്യാർത്ഥം ആ സ്ഥാനത്തുനിന്നു സ്വയം വിരമിച്ചപ്പോാം ദിവ്യശ്രീ കണ്ടമുണ്ടാരിൽ ജയിംസ് കത്തനാരെ മെത്രാപ്പോലീത്താ തിരുമേനി സഹവൈദികനായി നിയമിച്ചു. കോട്ടയം പട്ടണത്തിലും ചുററുപാടുമുള്ള അനവധി ആളുകാം വി. ആരാധനയിൽ സംബന്ധിക്കുന്നുണ്ട്.

ഈ പള്ളി ''നീതിമാനായ ജോസഫി''ൻെറ നാമത്തിലാണ് സ്ഥാപിക്കപ്പെട്ടിരിക്കുന്നത് എന്നുള്ളത് ഒരു പ്രത്യേകതയാണ്. പരിശുദ്ധ സഭയിൽ ഒരിടത്തുംതന്നെ ഈ നാമത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള മററൊരു പള്ളിയില്ല.

വി. മൂന്നുനോമ്പിൽ എല്ലാ ദിവസവും പ്രത്യേക പ്രാർത്ഥനകളും പ്രസംഗങ്ങളും ഈ ചാപ്പലിൽ നടത്തപ്പെടുന്നുണ്ട്. ജനുവരി മാസം 26–ാം തീയതിയാണ് ഈ ദേവാലയത്തിലെ മുഖ്യ പെരുന്നാാം ആഘോഷിക്കുന്നത്.

1982 ഫെബ്രുവരി 20–തും 21–ഉം തീയതികാം ഈ ചാപ്പലിനെ സംബന്ധിച്ചിടത്തോളം അവിസ്മരണീയ ദിനങ്ങളാണ്. പ. ആകമാന സുറിയാനി ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായ നി. വ. ദി. മ. വ. ശ്രീ അന്ത്യോഖ്യയുടെയും കിഴക്കൊക്കെയുടെയും പ. പാത്രിയർക്കീസ് മോറാൻ മാർ ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ ബാവാ തിരുമേനി ഈ ചാപ്പലിൽ എഴുന്നെള്ളി എന്നതാണ് അത്. കോട്ടയം ഭദ്രാസനത്തിൻെറ നേതൃത്വത്തിൽ, കോട്ടയം പട്ടണാതിർത്തിയായ കോടിമതനിന്ന് ആഘോഷസമന്വിതം പ. പാത്രിയർക്കീസ് ബാവാ തിരുമേനിയെ എതിരേററ് ഈ ചാപ്പലിൻെറ അങ്കണത്തിൽ പ്രത്യേകമായി സജ്ജീകരിച്ചിരുന്ന വേദിയിൽ ജനുവരി 2–ാം തീയതി സന്ധ്യയ്ക്കു സ്വീകരിച്ചു സമുചിതമായി ആദരവു പ്രകടിപ്പിച്ചു. പ. പാത്രിയർക്കീസ് ബാവാ തിരുമേനി സന്നിഹിതരായിരുന്ന വലിയ ജനക്കൂട്ടത്തെ ആശീർവദിച്ച് പ്രസംഗിച്ചു. ശ്രേഷ്ഠ കാതോലിക്കാ ബാവാ തിരുമേനി യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുകയും സഹായ മെത്രാപ്പോലീത്താ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് സ്വാഗത പ്രസംഗം നടത്തുകയും ചെയ്തു.

ജനുവരി 21–ാം തീയതി ശനിയാഴ്ച രാവിലെ പ. പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് ചാപ്പലിൻെറ മുൻപിൽ സജ്ജീകരിച്ച താല്ക്കാലിക മദ്ബഹായിൽ വി. കുർബാന അർപ്പിക്കുകയും കോട്ടയം ഭദ്രാസനത്തിലെ രണ്ട് പ്രമുഖ പട്ടക്കാരായ ശങ്ക

വേങ്കടത്ത് കുര്യാക്കോസ് അച്ചനും കല്ലുങ്കത്ര കെ. പി. തോമസ് അച്ചനും കോർ എപ്പിസ്കോപ്പാ സ്ഥാനം നല്കുകയും ചെയ്തു. ആ വന്ദ്യ പിതാവിന്റെ സന്ദർശനം ''മിഖായേൽ മാർ ദീവന്നാസ്യോസ് സ്മാരക സെന്ററിനെ'' സംബന്ധിച്ചിടത്തോളം തങ്കലിപികളിൽ രേഖപ്പെടുത്തേണ്ട ഒരു അദ്ധ്യായമാണ്.

ഈ സെന്ററിന്റെയും ചാപ്പലിന്റെയും വിജയകരമായ വളർച്ചയ്ക്ക് അനവധി വ്യക്തികളും സ്ഥാപനങ്ങളും പള്ളികളും, വിവിധ തരത്തിലുള്ള സഹായ സഹകരണങ്ങൾ നല്കിയിട്ടുണ്ട്. പ. പാത്രിയർക്കീസ്ബാവാ തിരുമേനിയുടെ സ്വീകരണത്തിനും അനേകരുടെ പ്രവർത്തനവും പണസഹായവും ലഭിച്ചിട്ടുണ്ട്. അവരെല്ലാവരും കൃതജ്ഞതാർഹരാണ്. പക്ഷേ അവരുടേതായ കാര്യത്തിന്റെ നടത്തിപ്പിന് അവർ പരിശ്രമിച്ചു എന്നുമാത്രമേ അവർ ചിന്തിക്കുന്നുള്ളൂ എങ്കിലും ഈ ചാപ്പലിന്റെ പ്രഥമ ട്രസ്റ്റി എന്ന നിലയിൽ അത് എന്റെ കർത്തവ്യമാകയാൽ ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു.

——::!::——


*With the best Compliments of :*

**K. E. MOHAMMED, Rubber Dealers, Erattupetta.**

**THODUPUZHA COMMERCIAL COMBINES, Rubber Dealers, Thodupuzha.**

**P. M. JOSEPH, Rubber Dealer, Anthinad P. O.**

*With best compliments from:*

**South India Plywood Industries**


(Estd. 1944)
Post Box No. 55
Kottayam—686 001. Kerala State

Telephone: Office—3257, 3258, 3861
Telephone: Res: 3766, 8796
Telex: 0888-237 SIPI
Telegram: SIPI—KOTTAYAM

*Manufacturers and Exporters of:*

COMMERCIAL & DECORATIVE PLYWOOD OF ALL SIZES AND THICKNESS, "SIPI" BRAND FLUSH DOORS ETC., ETC.

Published online by
www.SyrianChurch.org
in Augiust 2011



narmada
Offers Respectful Greetings to
HIS HOLINESS MORAN MAR IGNATIUS ZAKKA I

THE PATRIARCH OF ANTIOCH & ALL THE EAST

NARMADA, KOTTAYAM & KANJIRAPALLY

PRINTED AT THE C. M. S. PRESS, KOTTAYAM